പുസ്തകം II.
ലക്കം. 1.

വില. 2ണ.

1112 മേടം 1-ാം തു.
1937 ഏപ്രിൽ 13-ാംതു.

സഞ്ജയൻ



സാഹിത്യനായകൻ: പാറപ്പുറത്ത് സഞ്ജയൻ.

ഉ ള്ള ട ക്ക ം .

വിഷയം.		വശാ.
1.	കൈനേട്ടം (പദ്യം.)—സഞ്ജയൻ.	1
2.	വൃത്താന്തരഹസ്യം.	2
3.	തീച്ചപ്പെട്ടത്തി.	3
4.	അഭിനവക്രമ്മാവതാരം (ചിത്രം.)—എം. ബി.	6
5.	കുമ്മവന്ദനം (പദ്യം)—പി. എസ്സ്.	7
6.	കുമ്മീഷണരായാരേലേ!	8
7.	ഭായ്യാജ്ഞാലംഘനക്ലബ്ബ്.	9
8.	അനുബന്ധം (ചിത്രം.)—എം. ബി.	13
9.	വിഷുക്കണി (പദ്യം.)—മാധവജി.	14
10.	സഞ്ജയഭാഷണം.	15
11.	കവിതാകാമുകൻ (പദ്യം.)—ചേമഞ്ചേരി.	20
12.	എന്റെ സത്യാന്വേഷണം.	21
13.	അന്തമില്ലാത്ത ആവലാതി—സാത്യകി.	23
14.	ക്ഷേത്രപ്രവേശനബഹളം (പദ്യം.)—കെ. എൻ. എം.	24
15.	പി. എസ്സിന്റെ ഭിനചയ്യ്.	25
16.	അഭിനന്ദനം (ചിത്രം.)—എം. ബി.	27
17.	അഭിപ്രായഗതി.	27
18.	മരുന്നറയിലെ പന്തംവീശൽ (ചിത്രം.)—എം. ബി.	30
19.	ഞങ്ങളുടെ വായനമുറി.	31

i. വിചാരകോരകം.

ii. ഇളംതളിരുകൾ.

iii. സാഹിതീവിലാസം (മൂന്നാം ഭാഗം.)

അ റി യി പ്പ് .

'സഞ്ജയൻ' മാസികയിൽ പ്രസിദ്ധീകരിയ്ക്കപ്പെടുന്ന എല്ലാ പദ്യങ്ങളുടെയും, ഉപന്യാസങ്ങളുടെയും, ചിത്രങ്ങളുടെയും പകർപ്പവകാശം മാസികയുടെ ഉടമസ്ഥനായ പ്രസാധകനുള്ളതാണെന്നും, അനുമതിയോടുകൂടിയല്ലാതെ അവയെ അന്യത്ര പകർത്തുവാൻ പാടില്ലെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

കൈനേട്ടം.

(അന്നനട.)

അരുതരുതെന്നെ യവമാനിപ്പ്പ്പോല്ലേ!
പരിഹാസത്തിനുമതിരു വേണ്ടയോ?

വിഷുക്കൈനീട്ടത്തിന്നിരക്കുവാനതു—
നുഷസ്സിലീ ഭൃത്യസദനമോ കാണ്മൂ?
മറിമായം നിന്റെ മനസ്സിലുള്ളതി—
ന്നറിയുവാൻ പണിയെനിക്കു മൽപ്രഭോ!

ഒരു കറയറ്റ ചിരിയല്ലാതൊന്നും
തരുവതിനു ഞാനശക്തനെന്നു നീ
അറിയുന്നീലയോ, നിഖിലദാതാവേ?
മറവിയോ. ബോധസ്വരൂപനായോവേ?

അരുതരുതെന്നെ യവമാനിപ്പ്പ്പോല്ലേ!
പരിഹാസത്തിനുമതിരു വേണ്ടയോ?

സഞ്ജയൻ.



ചരിത്രാസപ്പുര പനീർച്ചെടിക്കെടോ
ചിരിയത്രേ പുഷ്പം; ശകാരം മുള്ളതാൻ!

വൃത്താന്തരഹസ്യം.

മെക്സിക്കോവിൽ ഒരു ദിവസത്തിൽ ആവശ്യം നിറം മാറുന്ന ഒരു പുഷ്പമുണ്ടത്രെ.

ഇന്ത്യയിലായിരുന്നുവെങ്കിൽ ഇതിനെ 'സി. ആർ. റെഡ്ഡിപ്പൂവ്' എന്നു വിളിക്കാമായിരുന്നു.

* * * * *

ജ്യോതിഷത്തിൽ വിശ്വസിച്ചുതുടങ്ങിയിരിക്കുന്ന മി: ആർ. എം. പാലാട്ട് വിദ്യാഭ്യാസമന്ത്രിയായിത്തീർന്നതുകൊണ്ട് എനിമേലിൽ എല്ലാ സ്കൂളുകളിലും ജ്യോതിഷം നിർബന്ധവിഷയമായിരിക്കുമെന്ന് ചിലർ പ്രതീക്ഷിക്കുന്നതിൽ എത്രത്തോളം വാസ്തവമുണ്ടെന്നറിയുന്നില്ല.

* * * * *

'തൽക്കാലമന്ത്രിപദം' എന്ന വാക്കിനു് രാഷ്ട്രീയമായി യാതൊരർത്ഥവുമില്ലെന്നു് ചില രാഷ്ട്രമീമാംസകന്മാർ പറയുന്നു.

രാഷ്ട്രീയാർത്ഥത്തെപ്പറ്റി ഞങ്ങൾക്കു് വിവരമില്ല; പക്ഷെ സാമ്പത്തികമായി ഈ പദത്തിനു മാസത്തിൽ 2,500ക. എന്നാണർത്ഥമെന്നു് ഞങ്ങൾക്കറിയാം.

* * * * *

ബഹു: ശ്രീനിവാസശാസ്ത്രി എന്തുകൊണ്ടാണു് പ്രധാനമന്ത്രിപദം സ്വീകരിക്കാഞ്ഞതെന്നു് ചിലർ ചോദിക്കുന്നു.

അദ്ദേഹം 'റെഡി'യല്ലാത്തതുകൊണ്ടായിരിക്കുമോ?

* * * * *

ഷൺമുഖദർശനത്തിനായി പഴനിക്കു പോകുന്ന കാവടിക്കാർ വായ മൂടിക്കെട്ടിട്ടാണു് പോകേണ്ടതു്.

ഈ വിവരം കൊച്ചി ദിവാൻജി നല്ലവണ്ണം മനസ്സിലാക്കീട്ടുണ്ടെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു.

* * * * *

തൃശ്ശൂർ പൂരം ഇക്കൊല്ലം ആഘോഷിയ്ക്കപ്പെടുകയാണെങ്കിൽത്തന്നെ, ദിവാൻജിയെ ഭയന്നു് ഒരുട്ടകം ഉറക്കെ പൊട്ടുവാനിടയില്ലെന്നു് ഒരു കിംവദന്തി കേൾക്കുന്നു

* * * * *

മി: പാലാട്ട് മന്ത്രിയായിത്തീരുമെന്നു് പ്രവചിച്ച കേരളത്തിലെ ന്യായിപ്പരം ഗണകന്മാർ ഈ വസ്തുത തങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ പോകുന്ന പരസ്യങ്ങളിൽ എടുത്തുപറയുവാൻ പാടുണ്ടോ എന്നു് അന്വേഷിച്ചു വരുന്നതായറിയുന്നു.

* * * * *

മഹാത്മാ ഗാന്ധിയാണു് ഇന്ത്യൻ രാഷ്ട്രീയജീവിതത്തിലെ ദുർദ്ദൈവതമെന്നു് ഒരു ഇംഗ്ലീഷു പത്രം ഉദ്ഘോഷിച്ചിരിക്കുന്നു.

അതുതന്നെയാണു് ഇന്ത്യയിലെ ഭീകരപ്രസ്ഥാനക്കാരും പറയുന്നതെന്നു് മേപ്പടി പത്രക്കാർ അറിഞ്ഞിട്ടുണ്ടായിരിക്കുകയില്ല.

* * * * *

'ബോമ്പേ കോർപൊറേഷനിൽ ബഹുഭൂരിപക്ഷം കോൺഗ്രസ്സു മെമ്പർമാർ ഇറങ്ങിപ്പോകുന്നു" എന്നു് ഒരു വാർത്താക്കുറിപ്പിന്നു് ഒരു ദിനപത്രം തലക്കുറിപ്പുകൊടുത്തുകാണുന്നു.

കോൺഗ്രസ്സ് മെമ്പർമാർക്കു് എന്നു മുതൽക്കാണു് ബഹുഭൂരിപക്ഷത്തോടു് ഇത്ര കലശലായ വൈരാഗ്യം വന്നതു്?

തീച്ചപ്പെടുത്തി!

സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങളിൽ 'അ' തൊട്ട് 'ക്ഷ' വരെ അനുവദിയ്ക്കുന്നവനാണ് ഞാനെങ്കിലും, പ്രവൃത്തിപദ്ധതിയെസ്സംബന്ധിച്ചേടത്തോളമുള്ള അതിഭയങ്കരമായ അഭിപ്രായവ്യത്യാസം ഹേതുവായി, അവരുടെ കക്ഷിയിൽ ചേരുവാനോ, അവരുടെ 'ജാഥ'കളിലും, 'വാര'ങ്ങളിലും, 'ദിന'ങ്ങളിലും, 'യോഗ'ങ്ങളിലും പങ്കുകൊള്ളുവാനോ, ഞാൻ ഒരുക്കമില്ലായിരുന്നു. 'ഒരുക്കമില്ലായിരുന്നു' എന്നു് കേൾക്കുമ്പോൾ, 'ഇപ്പോൾ ഒരുക്കമുണ്ടോ?' എന്നാണ് നിങ്ങൾ ചോദിക്കുക. നിങ്ങളുടെ ചോദ്യം യുക്തംതന്നെ; 'ഉണ്ട്!' എന്നാണ് അതിനുള്ള മറുപടി.

ഞാൻ നമ്മുടെ സോഷ്യലിസ്റ്റ് സഖാക്കൾ പറയുന്ന എല്ലാറ്റിനും ശങ്കിടിപാടി, എല്ലാം തലകുലുക്കി ശരിവെച്ചു, അവരുടെ കൂടെ, എവിടെ വേണമോ, എങ്ങിനെ വേണമോ, അവിടെ, അങ്ങിനെ, പോകുവാൻ ഒരുങ്ങിയിരിക്കുന്നു. ഞാൻ മാത്രമല്ല; എന്റെ ഉറ്റ ചങ്ങാതിയും രാഷ്ട്രീയോപദേഷ്ടാവുമായ കോഴിക്കോട്ടെ കുസൃതി (ബ്രാഞ്ച്) മാനേജരും അങ്ങിനെതന്നെ തീച്ചപ്പെടുത്തിയിരിക്കുന്നു. വാസ്തവം പറയുകയാണെങ്കിൽ, എന്റെ തീപ്പിനുകൂടി ഹേതു അദ്ദേഹത്തിന്റെ തീപ്പാണെന്നു സമ്മതിക്കണം; അതു ഞാൻ കൃതജ്ഞതാപൂർവ്വം സമ്മതിക്കുകയും ചെയ്യുന്നു.

ഞങ്ങൾക്കു രണ്ടാൾക്കും വെളിച്ചം കിട്ടിയിരിക്കുന്നു; ഓരോ ഡസൻ പെട്രോമാക്സിന്റെ വെളിച്ചം! ആദ്യം അദ്ദേഹത്തിനു കിട്ടി; പിന്നീട് അതു് എന്നിലേക്കും പകർന്നു. ഞങ്ങൾ രണ്ടാളും ഇപ്പോൾ ആ പ്രബുദ്ധതയിൽ, പൂനിലാവിൽ ആമ്പൽപ്പൊയ്കപോലെ, വികസിച്ചു നിൽക്കുകയാണ്. ഏതു ദിവസമാണ് ഞങ്ങൾ രണ്ടുപേരും, സുപ്രസിദ്ധമായ അധ്യക്ഷ-പ്രാസംഗികബന്ധത്തിലേപ്പെട്ട്, പുറത്തേക്കു ചാടി പ്രസംഗങ്ങൾ നടത്തിത്തുടങ്ങുക എന്നു മാത്രം എനി നിങ്ങൾ സൂക്ഷിച്ചാൽ മതി.

സോഷ്യലിസ്റ്റുകാക്ക് ഏറ്റവും പഥ്യമായ നിറം തീവണ്ടിയുടെ മുന്നോട്ടുള്ള പോക്കിനെ തടയുന്ന ചുകപ്പാണെന്നു എല്ലാവരും അറിയുമല്ലോ. ഇതു നിമിത്തം എനി മേലിൽ ഞങ്ങളുടെ ജീവിതചര്യയിൽ ചുകപ്പുനിറത്തിന്നു് കലശലായ പ്രാധാന്യം കല്പിച്ചിരിക്കും. സിന്ദൂരവർണ്ണത്തോടുകൂടിയ ദോത്തിക്കും, ഷർട്ടിനും, വേഷ്ടിക്കും ഞങ്ങൾ ഓർഡർ ചെയ്തുകഴിഞ്ഞു. പുകവലിയുപേക്ഷിച്ചു് ഞങ്ങൾ മുറുക്കു തുടങ്ങുവാൻ ആലോചിക്കുന്നു. ചുകന്ന ചീരയല്ലാതെ ഞങ്ങൾ എനി കൂട്ടാൻ വെക്കുവാൻ ഉപയോഗിക്കുകയില്ല; അതിൽ കപ്പൽമുളകുപൊടി മാത്രമേ ചേർക്കുകയുമുള്ളൂ. എഴുത്തു മുഴുവൻ ചുകന്ന മഷികൊണ്ടായിരിക്കും. ഉദ്യാനപുഷ്പങ്ങളുടെ ഇടയിൽ മുരിക്കിൻപൂവുകൂടി ഉൾപ്പെടുത്തിക്കിട്ടുവാനായി ഞങ്ങൾ ഒരു 'കുസുമവിപ്ലവപ്രസ്ഥാനം' ആരംഭിക്കുവാൻ പോകുന്നു. സുഖക്കേടു വല്ലതും വന്നേ കഴിയൂ എങ്കിൽ ചെങ്കണ്ണു പിടിച്ചോട്ടെ എന്നാണ് ഞങ്ങളുടെ ആഗ്രഹം. കടലുകളുടെ ഇടയിൽ ഞങ്ങളുടെ ഓമനക്കടൽ ചെങ്കടലായിരിക്കും. ശോണാധരികളല്ലാത്ത സ്ത്രീകളുടെ മുഖത്തു് ഞങ്ങൾ നോക്കുകപോലുമില്ല. ഞങ്ങളുടെ തികഞ്ഞ സോഷ്യലിസപ്രതിപത്തിയുടെ അടുത്തെങ്ങാനുമെത്തുവാൻ സാക്ഷാൽ സ്റ്റാലിൻകൂടി, ഒരു 'ദശവർഷപദ്ധതി' തന്നെ പിടിച്ചു് പരിശ്രമിച്ചാൽപ്പോലും, സാധിക്കാതെ ഭഗ്നാശനായി മടങ്ങേണ്ടിവരും.

ഞങ്ങളിൽ ഈ പെട്ടെന്നുള്ള ഹൃദയപരിവർത്തനമുണ്ടാക്കിയത് എന്താണെന്നു നിങ്ങൾ വിചാരിക്കുന്നു? മാർക്സിന്റെ സിദ്ധാന്തങ്ങളാണോ? ലെനിന്റെ ജീവിതചരിത്രമാണോ? കഥയുടെ ഒടുക്കത്തിൽ കഥയെഴുത്തുകാരനൊഴികെ ബാക്കി സർവരും ദുർമരണമടഞ്ഞതായി രേഖപ്പെടുത്തുന്ന ആ ഉന്മേഷകരങ്ങളായ റഷ്യൻ ചെറുകഥകളാണോ? അല്ല, സർ! അല്ലേ, അല്ല! (സോഷ്യലിസ്റ്റ് ആദർശങ്ങളെക്കുറിച്ചു് എനിക്ക് ഇത്രയേറെ ബഹുമാനമുണ്ടായിട്ടുകൂടി, എന്നെ സോഷ്യലിസത്തിലേക്ക് കടക്കുവാനായക്കാതെ ഇതുവരെ തടഞ്ഞുനിർത്തിയ മഹാശക്തികളിലൊന്ന് ആ ചെറുകഥകളുടെ പിന്നിലുള്ള 'ശ

വംമാന്തി' മനഃസ്ഥിയാണെന്ന്, ആ മനഃസ്ഥിതിയെ നമ്മുടെ സാഹിത്യത്തിലേക്കും ഇറക്കുമതി ചെയ്യാനൊരുങ്ങിയിരിക്കുന്ന ദീർഘകായന്മാർ മുഷിഞ്ഞാലും ശരി, ഇവിടെ സമ്മതിക്കാതിരിപ്പാൻ നിവൃത്തിയില്ല.)

ഇതൊന്നുമല്ല ഞങ്ങളെ സോഷ്യലിസ്റ്റുകാരാക്കിയതെങ്കിൽ, ആ അത്ഭുതകൃത്യം നിവ്വഹിച്ച ഏജൻസി ഏതാണ്? പറയാം: അത് 1937 മാച്ച് 24-ാംനു-ത്തെ 'മാതൃഭൂമി'യാണ്; അഥവാ, ആ 'മാതൃഭൂമി' ലക്കത്തിലെ ഒരു റിപ്പോർട്ടാണ്. പ്രസ്തുത ശുഭദിവസം രാവിലെ ഞാൻ ബ്രാഞ്ച് മാനേജരുടെ ആപ്പീസിൽ കടന്നുചെന്നപ്പോഴും, അദ്ദേഹം മേപ്പടി മാ. ഭൂ. ലക്കം മുൻവശത്ത് മേശപ്പുറത്ത് നിവർത്തിവെച്ച്, ആലോചനാമഗ്നനായി കസാലയിൽ ചാരിക്കിടക്കുന്നതാണ് കണ്ടത്. പക്ഷെ, നൂറിൽ തൊണ്ണൂറൊമ്പതു് ആലോചനാനിമഗ്നന്മാരുടെയും മുഖത്തു കാണപ്പെടാവുള്ള വിഷാദത്തിന്റെ ഒരു നേരിയ നിഴൽപ്പാടുപോലും അദ്ദേഹത്തിന്റെ മുഖത്തെവിടെയും കാണ്മാനുണ്ടായിരുന്നില്ല. അതിനു പകരം, പ്രശാന്തസുന്ദരമായ ഒരു സംതൃപ്തിയാണ് അവിടെ പരിലസിച്ചത്. ആ കണ്ണുകളും സംകല്പത്തിൽ രൂപമവലംബിച്ചുതുടങ്ങിയ ഏതോ ഒരു കോമളസ്വപ്നത്തിന്റെ ആകാരസൂക്ഷ്മം നുകരുന്നതുപോലെ കാണപ്പെട്ടു.

"എന്താ, മുഖത്ത് ഇത്രയൊരു പ്രസാദം?"—ഞാൻ ചോദിച്ചു.

"ഞാൻ സോഷ്യലിസ്റ്റുകാരുടെ കൂട്ടത്തിൽ ചേരാൻ പോകുന്നു!" എന്നായിരുന്നു മാനേജരുടെ, അപ്രതീക്ഷിതമെങ്കിലും പ്രശാന്തമായ, മറുപടി.

"എന്നാൽ സോഷ്യലിസ്റ്റുകാരെ ദൈവം തന്നെ രക്ഷിക്കേണ്ടിവരും!"

"അല്ല; സോഷ്യലിസ്റ്റുകാർ എന്നെയാണ് രക്ഷിക്കുവാൻ പോകുന്നത്."

"അങ്ങിനെയൊരു ദൈവശിക്ഷ അനുഭവിക്കുവാൻ മാത്രം അവരെന്തു പിഴച്ചു?"

"അതിലും വലിയ ശിക്ഷകളും അനുഭവിക്കുവാൻ മാത്രമൊക്കെ അവർ പിഴച്ചിട്ടുണ്ട്. അതുപോട്ടെ. താൻ ചേരുന്നോ?"

"എന്തിന്?"

"തൊഴിലില്ലാത്തവക്ക് പ്രതിമാസം പത്തുറുപ്പികവീതം ശമ്പളവും, അവരുടെ കുട്ടികൾക്ക് പാലും, പൊതുമരാമത്തും മറ്റും കൊടുക്കുവാൻ അവർ തീച്ചപ്പെടുത്തീട്ടുണ്ട്."

"കുട്ടികൾക്ക് പാലും പൊതുമരാമത്തുമോ? പൊതുമരാമത്ത് കൊണ്ട് കുട്ടികൾ എന്തുചെയ്യാനാണ്?" ഞാൻ അത്ഭുതത്തോടുകൂടി ചോദിച്ചു.

"അതൊന്നും എന്നോട് ചോദിക്കേണ്ട. ഒരു സമയം പാലിൽ കലക്കി കുടിക്കുവാനായിരിക്കും. എന്തായാലും റിപ്പോർട്ടിൽ അങ്ങിനെയാണ് കാണുന്നത്."

"ഇതൊക്കെ ആരാണ് പറഞ്ഞത്?"

"കേരളത്തിലെ ഒരു സോഷ്യലിസ്റ്റ് നേതാവ്."

"അതെയോ? പക്ഷെ ഭരണം ഇപ്പോൾ സോഷ്യലിസ്റ്റുകാരുടെതല്ലല്ലോ?"

മാനേജർ വളരെ അനുകമ്പയോടുകൂടി എന്റെ മുഖത്തുനോക്കി: "പി. എസ്സേ! താനൊരു ഹ്രസ്വദർശിയാണ്. അഞ്ചാറു കൊല്ലം മുമ്പ് കോൺഗ്രസ്സുകാർ ലാത്തിപ്രഹരമേറ്റും, ജയിലിൽ കിടന്ന് നരകിച്ചും കഷ്ടപ്പെട്ട കാലത്ത് അവരെ ആരെങ്കിലും വിലവെച്ചുവോ? അവരൊക്കെ അതേ സ്ഥിതിയിൽ, എന്നെന്നും ദൈവം വെടിഞ്ഞ നിലയിൽത്തന്നെ കഴിച്ചുകൂട്ടേണ്ടിവരുമെന്നു കരുതിയ ഗവർമ്മേണ്ടുദ്യോഗസ്ഥന്മാർ അന്ന് അവരെ പുച്ഛിച്ചു നടന്നില്ലേ? ഇപ്പോഴോ? 'അയ്യെടാ!' എന്നായി. തിരഞ്ഞെടുപ്പിൽ അവരെ എതിർത്ത കൊലകൊമ്പന്മാരിൽ പലരും ഡിപ്പോസിറ്റ് പണംകൂടി കളഞ്ഞുകുളിച്ചു. ഇപ്പോൾ കലക്ടർ താൻ തന്നെ അവരുടെ കല്പനകൾ ചോദ്യമില്ലാതെ, "യെസ് സർ!" എന്നു പറഞ്ഞു് അനുസരിക്കേണ്ടിവന്നേക്കാമെന്നുള്ള നിലയായില്ലേ? ഇതൊക്കെ ആരെങ്കിലും വിചാരിച്ചതായിരുന്നുവോ? അങ്ങിനെയാണെടോ ലോകത്തിന്റെ പോക്ക്."

'രണ്ടുനാലു ദിനംകൊണ്ടൊരുത്തനെ—
ത്തണ്ടിലേറ്റി നടത്തുന്നതും ഭവാൻ;
മാളിക മുകളേറിയ മന്നന്റെ
തോളീൽ മാറാപ്പു കേറുന്നതും ഭവാൻ!'

ഇപ്പോഴും അന്നു കോൺഗ്രസ്സിൽ ചേരാഞ്ഞത് വലിയ ബുദ്ധിമോശമായിപ്പോയി എന്ന് പലക്കും തോന്നുന്നുണ്ട്. അതുപോലെയൊരബദ്ധം നമ്മോക്ക് പറ്റരുതെന്ന് കരുതിയാണ് ഞാൻ നേത്തെ കൂട്ടി ചേരുവാൻ പറയുന്നത്. ഇന്നും, ഒരുപക്ഷെ നാളെയും, കോൺഗ്രസ്സുകാർ നാട്ടു വാഴുമായിരിക്കാം. മറന്നാളത്തെ ഭരണം സോഷ്യലിസ്റ്റുകാരുടെതായിരിക്കും. അതിനെക്കുറിച്ച് ആരും ശങ്കിക്കുകയേ വേണ്ട. ബാക്കിയുള്ളതെങ്ങിനെയായാലും ഈ ഒരൊറ്റ വാചകം ഞാൻ പരിഹാസമായി പറയുന്നതുമല്ല."


കുറച്ചുനേരം ഒന്നും മിണ്ടാതെയിരുന്നതിനു ശേഷം മാനേജർ വീണ്ടുംപറഞ്ഞു: "അതൊക്കെ പോട്ടെ. തൊഴിലില്ലാത്തവരുടെ ഈ പത്തുറുപ്പിക വാങ്ങുവാൻ നമുക്ക് സാധിക്കുകയില്ലെന്നോ, അഥവാ, അങ്ങിനെ വാങ്ങുന്നത് യുക്തമല്ലെന്നോ തനിക്കഭിപ്രായമുണ്ടോ?"

പ്രസംഗിക്കുവാനുള്ള എന്റെ അവസരമായിരുന്നു അത്. ഞാൻ കസാലയിൽനിന്ന് എഴുന്നേറ്റ് മേശപ്പുറത്തു കൈകളൂന്നിക്കൊണ്ട് പ്രസംഗം തന്നെ ആരംഭിക്കുകയും ചെയ്തു:

"ശിവ, ശിവ! അവിടുന്ന് എന്താണ് എന്നെ അറിയാത്തവനെന്നപോലെ സംസാരിക്കുന്നത്? ദേഹംകൊണ്ടോ മനസ്സുകൊണ്ടോ അല്ലെങ്കിലും അധ്വാനിച്ചു നേടുന്ന ആയിരം ഉറുപ്പികയേക്കാൾ, യാതൊരധ്വാനവും ചെയ്യാതെ കിട്ടുന്ന പത്തുറുപ്പികയാണ് കാമ്യമെന്ന് എനിക്കിരിയും മനസ്സിലായിട്ടില്ലെങ്കിൽ ഞാനെന്തിന്ന് അവിടുത്തെ ശിഷ്യനാണെന്നു പറഞ്ഞുനടന്നു അവിടുത്തെ കീർത്തിയെല്ലാടി കളങ്കപ്പെടുത്തുന്നു? അതുമല്ല; ദേഹാധ്വാനം ചെയ്തെങ്കിലും പത്തുറുപ്പികയിൽ കുറച്ചധികം വേണമെന്നു നമ്മളെപ്പോലെയുള്ളവർ വിചാരിക്കുന്നുണ്ടെങ്കിൽ, ആ വിചാരത്തിന്ന് ഏകദേശം നമ്മുടെ കുട്ടികളെ സംബന്ധിച്ച് നമ്മോക്കുള്ള കടമയല്ലേ? പക്ഷെ അവക്ക് പാലും പൊതുമരാമത്തും സോഷ്യലിസ്റ്റ് ഗവർമേണ്ട് നൽകുമെന്നല്ലേ പറയുന്നത്? പിന്നെ നമ്മോക്ക് ക്ലേശത്തിന്നവകാശമെവിടെ? പറയുന്നതിന്നിടയ്ക്ക് ഈ പൊതുമരാമത്ത് തൊഴിലില്ലാത്തവരുടെ കുട്ടികളെക്കൊണ്ട് നിർബന്ധിച്ച് കഴിപ്പിക്കുമെന്ന് നിയമമുണ്ടോ? 'അതു വേണ്ട; ദേഹശക്തി വർദ്ധിക്കുന്നതുവരെ പാലുമാത്രം മതി' എന്ന് രക്ഷിതാക്കന്മാക്ക് പറഞ്ഞുകൂടെ?' എന്ന് ഞാൻ അല്പം ഉത്കണ്ഠയോടുകൂടി ചോദിച്ചു.

"പറയുന്നതിൽ വിരോധമുണ്ടായിരിക്കുകയില്ലെന്നാണ് തോന്നുന്നത്. പക്ഷെ അക്കാര്യം പ്രസംഗത്തിന്റെ റിപ്പോർട്ടിൽ അതിലധികം വിശദമാക്കീട്ടില്ല. നിർബന്ധവിഷയമാണെങ്കിൽ കുട്ടിക്ക് ക്രമമായി കൊടുത്തുകൊള്ളാമെന്ന് പറഞ്ഞ് ഒന്നോ രണ്ടോ ടിൻ പൊതുമരാമത്തും വാങ്ങിയേക്കണം. എന്റെ വീട്ടിൽ രാത്രിതോറും സംഗീതവും, ആഭ്യന്തരകലാപവും പൊടിപാറുന്ന ഒന്നു രണ്ടു തടിയൻ പൂച്ചകളുണ്ട്. വളരെ അപകടമുള്ള സാധനമാണെങ്കിൽ, അവയെ തീറ്റി വിടാനാണ് ഞാൻ തീച്ചപ്പെടുത്തിയത്. തനിക്കും അങ്ങിനെ വല്ലതും ചെയ്യാം." എന്ന് മാനേജർ എന്നെ സമാശ്വസിപ്പിച്ചു.

"എന്നാൽ എന്റെ സംശയവും പറപറന്നു" ഞാൻ തുടർന്നുപറഞ്ഞു: "ഞാൻ സോഷ്യലിസ്റ്റുകാരുടെ സംഘത്തിൽ, അവരെന്നെ സ്വീകരിക്കുമെങ്കിൽ, ചേർന്നുകഴിഞ്ഞു എന്നു മാത്രം നിങ്ങൾ മേലിൽ കരുതിയാൽ മതി. ഉർദ്ദൈവവശാൽ തൊഴിലില്ലായ്മയുടെ മടിത്തട്ടിൽ തലവെച്ചുറങ്ങുവാനുള്ള ഭാഗ്യം ഇന്നെനിക്കില്ലെന്നു ഞാനും സമ്മതിക്കുന്നു പക്ഷെ അടുത്ത തിരഞ്ഞെടുപ്പിലോ അതിന്നപ്പുറത്തതിലോ സോഷ്യലിസ്റ്റുകാക്ക് വിജയം സിദ്ധിച്ചുതോടുകൂടി എന്റെ ഉദ്യോഗം വലിച്ചെറിയുവാൻ ഞാൻ ഒരുങ്ങിയിരിക്കുകയാണ്. മാനേജരേ, അവിടുന്ന് തന്നെയാണ് ബുദ്ധിമാൻ. പക്ഷെ നമുക്ക് ഈ കാര്യം അധികമാളുകളെ അറിയിക്കാതെ കഴിച്ചുകൂട്ടണം. എല്ലാവരും ഇത്തഞ്ചംകണ്ട് ഉദ്യോഗം വലിച്ചെറിയുകയാണെങ്കിൽ, കാര്യം വിഷമസ്ഥിതിയായിത്തീരുകയില്ലേ?"



അടിനവക്രമാവതാരം.

ശ്രീക്രമ്മം—(ആത്മഗതം) ഈ നശിച്ച പർവതം മുഴവൻ പൊക്കാൻ കഴിയുന്നതിനു മുമ്പ് കീഴ്പോട്ടെക്കുതന്നെ വീണ്ടും താണുപോകാനുള്ള വട്ടമാണ് കാണുന്നതു്.

പക്ഷെ മഹാശയനും ദയാലുവുമായ മാനേജർ അതു സമ്മതിച്ചില്ല: "ഛീ. അരുത്!" അദ്ദേഹമെന്നെ ശാസിച്ചു: "ഏകനായതിസ്വാർത്ഥജിച്ചീടരുതല്ലോ! പാലും പൊതുമരാമത്തും നമ്മളുടെ കുട്ടികൾക്കു മാത്രം കൊടുത്താൽ മതിയോ? അതു സ്വാർത്ഥമല്ലേ? പാലും പൊതുമരാമത്തും പോയിട്ട്, തങ്ങളുടെ കുട്ടികൾക്ക് സുഖക്കേടു പിടിച്ചാൽ മരുന്നുകൂടി വാങ്ങികൊടുക്കുവാൻ നിവൃത്തിയില്ലാതെ കഷണിക്കുന്നവരാണ് ഇന്ന് ജോലിയുള്ളവരെന്ന് പറയപ്പെടുന്നവരിൽ മുക്കാലേ അരക്കാലും ആളുകൾ. അവരും തങ്ങളുടെ ജോലികൾ വലിച്ചെറിഞ്ഞ് നമ്മുടെകൂടെ വന്നുകൊള്ളട്ടെ. പണത്തിന്റെ കാര്യമൊന്നും നമ്മൾ ആലോചിക്കേണ്ട. പണം സോഷ്യലിസ്റ്റ് ഗവർമ്മേണ്ട് ഉണ്ടാക്കും. സോവിയറ്റ് റഷ്യയിൽ കുറച്ചു മുമ്പുവരെ അവലംബിച്ചുപ്പെട്ട പ്രവൃത്തിപദ്ധതി തന്നെ ഇവിടെയും തുടരുവാനാണ് ഭാവമെങ്കിൽ, എളുപ്പത്തിലുണ്ടാക്കും."

കുറച്ചുനേരം ഞങ്ങൾ വീണ്ടും മൌനമായിരുന്നു. അപ്പോഴെക്കും എന്റെ മനസ്സിൽ ഒരു വൈഷമ്യം പൊന്തിവന്നു: "പക്ഷെ, മാനേജരേ, സോഷ്യലിസ്റ്റ് ഗവർമ്മേണ്ടിന്റെ കീഴിൽ എല്ലാവരും പ്രവൃത്തി എടുത്തുകൊള്ളണമെന്നും നിർബന്ധമില്ലേ? അതൊരു കുഴക്കായിത്തീരുകയില്ലേ?"

മാനേജർ ചിരിച്ചു: "സാധാ! ഇന്ത്യയിലെല്ലാവർക്കും പ്രവൃത്തി കാണുവാൻ കൊല്ലം കുറെ കഴിയണ്ടേ? അഥവാ, വേണ്ടെന്നു വെക്കുക; എല്ലാവർക്കും ചെയ്യാൻ തൊഴിൽ നാളെത്തന്നെ ഉണ്ടാക്കുവാൻ സാധിക്കുമെന്ന് തന്നെ വിചാരിക്കുക. എന്നാലും നമ്മളെ പിടിക്കാൻ കിട്ടുമോ? അതിൽ നിന്നൊഴിയാൻ തന്ത്രങ്ങളില്ലേ?"

മാനേജർ മുന്നോട്ടാഞ്ഞു് പ്രസ്തുതതന്ത്രങ്ങളിലൊന്ന് എന്റെ ചെവിയിൽ മന്ത്രിച്ചു. ഞാൻ പൊട്ടിച്ചിരിച്ചു. മാനേജരും ചിരിച്ചു. ഞങ്ങൾ വളരെനേരം അങ്ങിനെ ചിരിച്ചു. പക്ഷെ ആ തന്ത്രം എന്താണെന്നു് ഞാൻ പറയുകയില്ല. പറഞ്ഞാൽ, വിശേഷിച്ചു് യാതൊരു ജോലിയും ചെയ്യാതെ നടക്കുന്ന ചില സോഷ്യലിസ്റ്റ് നേതാക്കന്മാർ അവർക്കു അധികാരം കിട്ടിയ ഉടനെ ഞങ്ങളുടെ തലയും കൊണ്ടുപോകും. തലയില്ലാതെ ജീവിക്കുവാനുള്ള മാർഗം അവർക്കല്ലാതെ, ഞങ്ങൾക്ക് അറിഞ്ഞുകൂടതാനും.

കുമ്മവന്ദനം.

[മദ്രാസ് ഗവർണ്മെണ്ടിന്റെ ഭരിപക്ഷാവലംബമില്ലാത്ത പ്രധാന'മന്ത്രി'യായ സർ കുമ്മ വെങ്കട റെഡ്ഡിയ്ക്ക് നമസ്കാരസമേതം.]

കേക.

വന്ദിപ്പിർ ശ്രീകുമ്മാവെ! വന്ദിപ്പിൻ ശ്രീകുമ്മാവെ!
വന്ദിപ്പിൻ ധീരാഗ്ര്യനെ! വന്ദിപ്പിൻ നിഷ്കംപനെ!

തൻനാട്ടാരൊന്നായ് ച്ചേന്ന കണുത്തിൽപ്പിടികൂടി
പ്പിന്നോക്കം തള്ളീടിന കക്ഷിതൻ സിൽബന്തിയായ്
പിമ്പുറത്തുടെ ചെന്ന സക്കാത്തു വാങ്ങാൻ തൻകൈ—
ക്കുമ്പിളും കാട്ടി നിൽക്കും നേതാവേ, ജയിച്ചാലും!
മറവേളാരെങ്ങെക്കുറിച്ചെന്തു ചിന്തിച്ചാലെന്തു
മുറമാഗ്രവമ്മേണ്ടു മുതുകിൽത്തലോടവേ?
'ദേശാഭിമാന'മെന്ന പാഴ്പഞ്ചാക്ഷരിയോതി—
ക്ലേശത്തയിഷ്ടമാകും ജീവിതം വരിയ്ക്കട്ടേ
വങ്കന്മാ;രവിടുന്നു രാജകീയാഡംബര-
സങ്കലമാമി മന്ത്രിസ്ഥാനം കൈവിട്ടീടൊല്ലേ!

വന്ദിപ്പിൻ ശ്രീകുമ്മാവെ! വന്ദിപ്പിൻ ശ്രീകുമ്മാവെ!
വന്ദിപ്പിനാരാധ്യരായുള്ളോക്കുമാരാധ്യനെ!

രാജ്യത്തിൻ പ്രാതിനിധ്യം വഹിയ്ക്കും പുമാന്മാരെ—
പ്പൂജ്യനാമവിടുന്നു ദഗിക്കും മുഹൂർത്തത്തിൽ
അസ്ഥമിച്ചീടും തവ സാചിവ്യ;—മെന്നാലെന്തു
നിസ്സുപക്കുണ്ടോ ശല്യം സ്വസ്ഥാനഭ്രംശത്തിലും?
കഷ്ടിച്ചൊരാറുമാസം കാണാതെ കഴിക്കാമ—
ട്ടിഷ്ടരെ; യത്രത്തോളമായതാകട്ടേ, ശ്രീമൻ!
അപ്പറ—മുദ്യോഗങ്ങളെത്രയോ ഗവമ്മേണ്ടു
തൽഭക്തർക്കീടുവാൻ സൂക്ഷിച്ചു വെച്ചിട്ടില്ലേ?
ആയതിൽ മികച്ചുള്ളതങ്ങേയ്ക്കു നിസ്സന്ദേഹ-
മായത്തമാകുന്നതിലെന്തിനി പ്രതിബന്ധം?

വന്ദിപ്പിൻ ശ്രീകുമ്മാവെ! വന്ദിപ്പിൻ ശ്രീകുമ്മാവെ!
വന്ദിപ്പിൻ ഗവമ്മേണ്ടുഭക്തരിലൊന്നാമനെ!

പി. എസ്സ്.

കമീഷണരായാരേലേ!

എന്തു ഭംഗിയാണ്! എന്തുറപ്പാണ്! എന്തു നിലയാണ്! എന്താനന്ദമാണ്! എന്തു കുശാലാണ്! സുഖം താൻ; പൂരെ സുഖം!

പ്രാപ്തി വേണ്ടേ? ഭരണസംബന്ധമായ പരിചയം വേണ്ടേ? ബുദ്ധി വേണ്ടേ? എന്നൊക്കെ കായ്വിവരം പോരാത്തവർ ചോദിക്കും. വേണ്ടവേ, വേണ്ട. ഇതൊക്കെയുള്ളവരുണ്ട്; എത്രയോ മാന്യന്മാരുണ്ട്. പക്ഷെ ഇതൊന്നും ആവശ്യമില്ലെന്നാണ് ഞാൻ പറയുന്നത്.

എന്തിനാണ് പ്രാപ്തി? പണിയൊക്കെ കീഴുദ്യോഗസ്ഥന്മാരും ക്ലാർക്കുമാരും ചെയ്യും. അതൊന്നും നന്നായിട്ടില്ല; നേരെയായിട്ടില്ല; നോൺ സെൻസ്; വേറൊന്നെഴുതൂ! എന്നൊക്കെ പറയുവാൻ എന്തു പ്രാപ്തിയാണ് വേണ്ടത്? അതാക്കാണ് കഴിയാത്തത്?

തന്റെ പ്രവൃത്തിയിൽ വല്ല പിഴയും പറ്റിയാലോ, എന്നോ? എന്നാലെന്താ? തലയെടുത്തുകളയുമോ? ഒക്കെ കീഴുദ്യോഗസ്ഥന്മാരുടെയോ ക്ലാർക്കുമാരുടേയോ പിഴയാണെന്നു്, മുഖത്താരും കോട്ടമില്ലാതെ, ചോദ്യം ചോദിക്കുന്ന കൌൺസിലരുടെ കണ്ണിൽത്തന്നെ നോക്കി പച്ചക്കളവു പറയണം. കൌൺസിൽ ആരു പറയുന്നതാണ് വിശ്വസിക്കുക? ആരു പറയുന്നതാണ് വിശ്വസിക്കേണ്ടത്? ക്ലാർക്കു പറയുന്നതോ, കമ്മീഷണർ പറയുന്നതോ? ക്ലാർക്കുമാരോ? അവർ തുലഞ്ഞാൽ തുലയട്ടെ! ഇങ്ങോക്കു ചേതം?

കൌൺസിലർമാർ ബുദ്ധിമുട്ടിക്കുകയില്ലേ? ഇല്ല! അല്പം സാമർത്ഥ്യത്തോടും നയത്തോടുംകൂടി അവരോടു പെരുമാറിയാൽ മതി. നാവെടുത്തുതിയാടുവാൻ പോരുന്ന വല്ല കൌൺസിലരുമുണ്ടെങ്കിൽ അയാളുടെ സേവ പിടിക്കണം. 'സാർ, സാർ!' എന്നു് പറഞ്ഞു് അയാളുടെ പിന്നാലെ നടക്കണം. വല്ല ശിപായിയേയൊ, ബിൽകലക്ടരേയൊ മറ്റോ നിശ്ചയിക്കുന്നതിനു മുമ്പ് "നിങ്ങളുടെ ആൾക്കാർ വല്ലവരുമുണ്ടോ?" എന്നു് അവരോടു് അന്വേഷിച്ചേക്കണം. അവർക്കു് വല്ലവരെയും ശിപാശി ചെയ്യുവാനുണ്ടെങ്കിൽ അതു സാധിക്കരിച്ചേക്കണം. 'തീന്നില്ലേ? അവരുടെ നാവു കുഴഞ്ഞില്ലേ? ഒച്ചയടച്ചില്ലേ? കൈ കെട്ടിയില്ലേ? അതാണ് തന്ത്രം. ഇതൊക്കെ കാക്കപിടിശാസ്ത്രം 17-ാം അദ്ധ്യായത്തിൽ ബഹുവിശദമായി വിവരിച്ചിട്ടുണ്ട്.

ഈ തന്ത്രംകൊണ്ടും പിടി കിട്ടാത്തവരുണ്ടെങ്കിലോ? ഉർലഭം! കഷ്ടിച്ചു് നൂറിലൊന്നു്! അവർ ഒറ്റയ്ക്കു വിചാരിച്ചാൽ എന്തു ചെയ്യാൻ കഴിയും? ചോദ്യങ്ങളിലടങ്ങിയ ദോഷാരോപണം കീഴ്ജീവനക്കാരുടെ പിരടിക്കു മറിച്ചിടുവാനുള്ള മാർഗം പറഞ്ഞിട്ടില്ലേ? പിന്നെ പേടിക്കേണ്ടത് അവിശ്വാസപ്രമേയത്തെയല്ലേ? പേടിക്കുകയേ വേണ്ട! ഈ ഒന്നരണ്ടാളുകൾ എത്ര കരച്ചാലും ബാക്കിയുള്ളവർ സഹായഭാവത്തിൽ നിൽക്കുന്നേടത്തോളം കാലം ഒരു പുല്ലും വരാനില്ല.

പിന്നെ എന്തെല്ലാം, എന്തെല്ലാം ഗുണങ്ങളം, സർ! എന്തെല്ലാം സൌകര്യങ്ങളം! നാടുവിലെത്തെ രണ്ടു പുരുഷാർത്ഥങ്ങളം സാധിക്കുവാൻ എത്രയെത്ര അവസരങ്ങളം! അതൊക്കെ കണ്ടവനും, അനുഭവിച്ചവനുമല്ലേ അറിയൂ! ഇവയെയൊന്നും വിലയ്ക്കാത്ത മഹാ ഹരിശ്ചന്ദ്രന്മാരായ കമ്മീഷണർമാരുണ്ട്. കഴുതകൾ! മറ്റെന്തു പറയാനാണ്? സമുദ്രത്തിൽ മുക്കിയാലും പാത്രത്തിൽ കൊള്ളുന്ന വെള്ളമല്ലേ അകത്തു കടക്കൂള്ളൂ? അതുകൊണ്ട് ആ നിർഭാഗ്യവാന്മാരെപ്പറ്റി ഒന്നും പറയേണ്ട. ഞാൻ പറയുന്നത് കായ്ക്കാനും, കണ്ടത് പിടിക്കുവാനും, കണ്ണും കരളുറപ്പുമുള്ള, ശുക്രൻ തെളിഞ്ഞ, കമ്മീഷണർമാരെപ്പറ്റി മാത്രമാണ്. പുണ്യവാന്മാർ അവർതാൻ.

പക്ഷെ ഇതൊക്കെ എങ്ങിനെയാണ് സാധിക്കുന്നതെന്നു് മാത്രം വെളിയിലെ ശൊല്ലക്കൂടാത്. അതൊക്കെ 'ഗ്രഹ്യാൽ ഗ്രഹ്യതര'മായ തന്ത്രങ്ങളും രഹസ്യങ്ങളുമാണ്. നിങ്ങൾക്ക് കേട്ടേ കഴിയൂ എങ്കിൽ ഞാൻ ഒരു ദിവസം സ്വകായ്മായി പറഞ്ഞുതരാം അപ്പോൾ നിങ്ങൾ താനും സമ്മതിക്കും, കമ്മിഷണരായാൽ കുറച്ചു മെച്ചമൊക്കെയുണ്ടെന്ന്! തീച്ചയായും സമ്മതിക്കും. ഞാൻ സമ്മതിപ്പിക്കും. ആ ഉദ്യോഗമാണ് ഉദ്യോഗം; ആ പദവിയാണ് പദവി; ആ സൌഖ്യമാണ് സൌഖ്യം. വിശേഷിച്ച് തന്റെ ഭരണത്തിൻകീഴിലുള്ള മുനിസിപ്പാലിറ്റിയിലെ ജനങ്ങളം ഒന്നിനും കൊള്ളാത്ത കഴുതകളാണെങ്കിൽ, പിന്നെത്തെ കഥ പറയാനുണ്ടോ?

ഭാര്യാജ്ഞാലംഘനക്ലബ്ബ്.

എന്തെല്ലാം പുതിയ പുതിയ വിവരങ്ങളാണ് നമ്മുടെ വൃത്താന്തപത്രങ്ങളം ദിവസംതോറും, ആഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്! സർ കുമ്മവെങ്കടറെഡ്ഡി, ഈ സംസ്ഥാനത്തിലെ വോട്ടർമാരുടെ യാതൊരുവിധത്തിലുള്ള ആനുകൂല്യവും തനിക്കില്ലെന്ന് അസ്സലായി അറിഞ്ഞിട്ടുകൂടി, നിസ്സങ്കോചം, മുഖത്തൊരു കോട്ടവുംകൂടിയില്ലാതെ, പൊതുജനപ്രതിനിധികളിൽ പ്രധാനി ഇരിക്കേണ്ടുന്ന സ്ഥാനത്ത് കയറി ഇരുന്നുവെന്നും, യൂറോപ്പിലെ മരുന്നറയിൽ തീപ്പൊരി ചാറി വീണു കഴിഞ്ഞുവെന്നും മറവുള്ള അസഭ്യങ്ങളോ ഭയംകരങ്ങളോ ആയ വിവരങ്ങളെപ്പറ്റിയല്ല ഞാനിവിടെ പറയുന്നത്; ഇവയുടെ ഇടയിൽ ഇടയ്ക്കിടെ കാണപ്പെടുന്ന ആഹ്ലാദകരങ്ങളും, പ്രത്യാശാസൂചകങ്ങളുമായ ചില വിവരങ്ങളെക്കുറിച്ചാണ്.

ഇത്തരം വാർത്തകളിലൊന്ന് ഇംഗ്ലണ്ടിലെ ഏതാനും ധീരന്മാരായ ഭർത്താക്കന്മാർ ഒത്തുചേർന്ന് ഒരു "ഭാര്യാജ്ഞാലംഘനക്ലബ്ബ്" (Wife-disobedience Club) സ്ഥാപിച്ചിരിക്കുന്നു എന്നതാണ്. ഈ ക്ലബ്ബിനെപ്പറ്റി ഒന്നല്ല, രണ്ട് ഇംഗ്ലീഷുകടലാസ്സുകളിൽ ഞാൻ വായിച്ചു. ഈ ക്ലബ്ബിലെ മെമ്പർമാരുടെ ഭാര്യമാർ ഈ വിവരം അറിയുമോ എന്നാണ് ഞാൻ സംശയിക്കുന്നത്. അറിയുന്നുണ്ടായിരിക്കുകയില്ല ക്ലബ്ബ് സ്ഥാപിക്കുന്നതിനു മുമ്പ് തീച്ചയായും അറിഞ്ഞിട്ടുണ്ടായിരിക്കയില്ല. ഉണ്ടായിരുന്നുവെങ്കിൽ, മേപ്പടി ക്ലബ്ബ് ഗർഭത്തിൽത്തന്നെ നശിച്ചുപോയിട്ടുണ്ടായിരിക്കുമായിരുന്നു.

ക്ലബ്ബിന്റെ സിക്രട്ടറിയായിരിക്കാമെന്നേറ്റ മി: സ്മിത്തും, ഖജാൻജിയായിരിക്കാമെന്ന് സമ്മതിച്ച മി: ബ്രൌണും തമ്മിൽ ഏതാണ്ട് താഴെ ചേർക്കുന്നമാതിരി ഒരു സംഭാഷണം നടന്നുവെന്നു മാത്രമെ, മിസ്സിസ് സ്മിത്തും മിസ്സിസ് ബ്രൌണും ഈ ക്ലബ്ബ് സ്ഥാപനസംരംഭത്തിന്റെ കള്ളിയെങ്ങാൻ ആദ്യം അറിഞ്ഞുപോയിരുന്നെങ്കിൽ, ചരിത്രകാരന്ന് രേഖപ്പെടുത്തേണ്ടിവരുമായിരുന്നുള്ളൂ:

സ്മിത്ത്:—അല്ലാ, നമ്മുടെ ഭാര്യാജ്ഞാലംഘനക്ലബ്ബിനെപ്പറ്റി താൻ പിന്നീട് വല്ലതും ആലോചിച്ചുവോ?

ബ്രൌൺ:—ഓ! അതു ശരിതന്നെ. വാസ്തവം പറയുകയാണെങ്കിൽ, ഞാൻ അത്ഭുതപ്പെടുകയാണ്, എന്താണ് ഇങ്ങിനെയൊരു ക്ലബ്ബിന്റെ ആവശ്യമെന്ന്.

സ്മിത്ത്:—ഞാനും!

ബ്രൌൺ:—ഒന്നാമത്, അങ്ങിനെയൊരു ക്ലബ്ബ് തുടങ്ങുന്നതുതന്നെ നമ്മൾക്ക് അവമാനകരമാണ്. ഇതുവരെ നമ്മൾ ഭാര്യമാരുടെ ആജ്ഞകളെ അനുസരിച്ചു നടന്നവരായിരുന്നു എന്നായിരിക്കുകയില്ലേ അതിൽനിന്നുള്ള അനുമാനം?

സ്മിത്ത്:—നിങ്ങൾ പറഞ്ഞത് വളരെ ശരിയാണ്. ഈ ക്ലബ്ബ്, നമ്മൾ ആശിച്ചിരുന്നതുപോലെ, നമ്മളുടെ ധീരതയ്ക്കല്ല സാക്ഷ്യം വഹിക്കുക.

ബ്രൌൺ:—അല്ലല്ല! നമ്മളുടെ ഭീരുത്വത്തിനായിരിക്കും

സ്മിത്ത്:—തീച്ചയായും!

ബ്രൌൺ:—അതുമല്ല: ഈമാതിരിയുള്ള സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ മുൻകൂട്ടി ആരും അറിയരുത്. സ്ഥാപിച്ചുകഴിഞ്ഞാൽക്കൂടി അധികമായി പൊതുജനങ്ങൾ അതിനെപ്പറ്റി അറിയണമെന്നില്ല. നമ്മൾ ഇങ്ങിനെയൊരു ക്ലബ്ബ് തുടങ്ങുവാൻ പോകുന്നുണ്ടെന്നുള്ള വിവരമാകട്ടെ, ഇപ്പോൾത്തന്നെ പൊതുസ്വത്തായിക്കഴിഞ്ഞിരിക്കുന്നു.

സ്മിത്ത്—(ചാടിയെണീറ്റുകൊണ്ട്) ഹാ, അതാണ് ഞാനും പറയുന്നത്. നമ്മളുടെ ഈ പ്ലാൻ പുറത്തു പറഞ്ഞ വഞ്ചകൻ, ദ്രോഹി, കഴുത, ഭ്രാന്തൻ, തെമ്മാടി, കഴുവേറി, ചെയ്താൻ ആരാണെന്നാണ് എനിക്കറിയേണ്ടത്. അവനെങ്ങാൻകിട്ടിയിരുന്നെങ്കിൽ ആ നീചപ്പെരുക്കിയെ ഞാൻ—

ബ്രൌൺ:—ശ്ശീ: ക്ഷോഭിക്കരുത്. കഴിഞ്ഞതു കഴിഞ്ഞില്ലേ? മിസ്സിസ് സ്മിത്ത് ഈ വിവരം അറിഞ്ഞിട്ടുണ്ടായിരിക്കും: ഇല്ലേ?

സ്മിത്ത്:—അറിഞ്ഞിട്ടുണ്ട്. പക്ഷെ അതു കൊണ്ടല്ല ഞാൻ പറയുന്നത്.

ബ്രൌൺ:—അല്ലല്ല. അതൊന്നു പറയാനുണ്ടോ? ഞാൻ വെറുതെ ചോദിച്ചുവെന്നേയുള്ളു. അങ്ങിനെ പറയുകയാണെങ്കിൽ, മിസ്സിസ് ബ്രൌണും ഈ വിവരം അറിഞ്ഞിട്ടില്ലേ? ഞാനും അതുകൊണ്ടല്ല പറയുന്നത്. ഈ മാതിരി വിവരങ്ങളും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തുന്നത് എന്തായാലും ശരിയല്ലെന്നേ എന്റെ വാദമുള്ളു. അതുപോട്ടെ. ആകപ്പാടെ നമ്മുടെ ക്ലബ്ബു തുടങ്ങുവാൻ പറ്റിയ ഒരു സമയമാണ് ഇതെന്നു തോന്നുന്നില്ല. അല്ലേ?

സ്മിത്ത്:—അതെ; വേണമെങ്കിൽ എനിയത്തെ കൊല്ലമോ മറേറാ നമുക്ക് കുറെക്കൂടി വിശ്വസ്തരായ കുറച്ചു പേരെ മാത്രം വിളിച്ചുകൂട്ടി വീണ്ടും ഇക്കാര്യത്തെക്കുറിച്ചാലോചിക്കാം.

ബ്രൌൺ:—അതെ. ഗുഡ്മോണിങ്ങ്!

സ്മിത്ത്:—ഗുഡ്മോണിങ്ങ്, ബ്രൌൺ.

ഭാഷ്യാജ്ഞാലംഘനക്ലബ്ബ് സൂപ്രതിഷ്ഠിതമാകുന്നതിനു മുമ്പ് മിസ്സിസ് സ്മിത്തോ, മിസ്സിസ് ബ്രൌണോ അതിനെപ്പറ്റി യാതൊന്നും അറിഞ്ഞിരിക്കുവാൻ ഇടയില്ലെന്ന് ഞാൻ ഇതു ഉറപ്പിച്ചു പറയുവാനുള്ള ഹേതു വായനക്കാക്ക് മനസ്സിലായിക്കഴിഞ്ഞിരിക്കണമല്ലോ. അതു സ്ഥാപിച്ചു കഴിഞ്ഞതിനു ശേഷവും തങ്ങളുടെ ഭർത്താക്കന്മാർ അതിലെ ഭാരവാഹികളോ മെമ്പർമാരോ ആണെന്ന് അവർ ഇതുവരെ മനസ്സിലാക്കീട്ടില്ലെന്നാണ് എന്റെ ദൃഢവിശ്വാസം. അങ്ങിനെ വിശ്വസിക്കുവാനുള്ള കാരണങ്ങളും 'സഞ്ജയൻ' പുരുഷന്മാർ മാത്രമേ വായിക്കുന്നുള്ളുവെന്നു തീച്ചപ്പെട്ടാലേ ഞാൻ പറയുകയുമുള്ളു.

നമ്മെ എണ്ണിയാലൊടുങ്ങാത്ത ദുർവിഷയങ്ങളിലും, ഒറയ്ക്കെയുടെ വിരലുകൊണ്ട് എണ്ണിത്തീർക്കാവുന്ന ഏതാനും സദ്വിഷയങ്ങളിലും പാശ്ചാത്യരെ അനുകരിക്കാറുണ്ടല്ലോ. ഒട്ടുക്കം പറഞ്ഞ കൂട്ടത്തിൽ എന്തുകൊണ്ട് നമുക്ക് ഇത്തരമൊരു ക്ലബ്ബ് നമ്മുടെ നാട്ടിലും സ്ഥാപിക്കുന്ന കാര്യം ഉരുപ്പെടുത്തിക്കൂടാ എന്നു ഞാൻ ചോദിക്കുന്നു. പക്ഷെ, അങ്ങിനെ ആലോചനയുള്ളവർ അതാതു സ്ഥലത്ത് ആ വിവരം മുൻകൂട്ടി പ്രചരിപ്പിക്കുന്നത് അനാവശ്യമായിരിക്കുമെന്ന്, മെസ്സേഴ്സ് സ്മിത്തിനും ബ്രൌണിനുമെന്നപോലെ, എനിക്കും തോന്നുന്നുണ്ട്.

മലബാറിൽ ഇത്തരമൊരു ക്ലബ്ബിന്റെ ആവശ്യകതയുണ്ടോ എന്ന് അവിവാഹിതനാണെങ്കിൽ മാത്രമെ നിങ്ങൾ സംശയിക്കുകയുള്ളു. നമ്മളുടെ വനിതാഹിറ്റ്ലർമാരുടെയും വനിതാ മുസ്സോളിനിമാരുടെയും ആജ്ഞകളുടെ പരിധിയ്ക്കപ്പുറം കടക്കുവാൻ നിവൃത്തിയില്ലാതെ, ജീവിതചര്യയിലെ ഏറ്റവും ശിഥിലങ്ങളായ ഇനങ്ങളിൽപ്പോലും സ്വേച്ഛാനുസൃതമായി പ്രവർത്തിക്കുവാൻ സ്വാതന്ത്ര്യമില്ലാതെ കിടന്നു കഷ്ടനിക്കുന്ന പാവപ്പെട്ട ഭർത്താക്കന്മാർ ലക്ഷക്കണക്കായി മലബാറിലുണ്ടെന്നു പറഞ്ഞാൽ അതൊരതിശയോക്തിയാണെന്നു കരുതുന്നതും അവിവാഹിതന്മാർ മാത്രമായിരിക്കും.

എന്തിനധികം? നമ്മുടെ ശ്രീധരമേനോന്റെ കാര്യം മാത്രം ഒരു സാമ്പിളായി എടുത്താൽ മതിയല്ലോ. മി: മേനോൻ ആണത്തമില്ലാത്ത ഒരാളാണെന്നും, അദ്ദേഹത്തെ ഉദാഹരണമായി എടുക്കുവാൻ പാടില്ലെന്നും മറ്റും പറഞ്ഞൊഴിയുവാൻ നിങ്ങൾ ശ്രമിക്കേണ്ടെന്നു ഞാൻ ആദ്യമേതന്നെ താക്കീതു ചെയ്തുകൊള്ളുന്നു. അദ്ദേഹത്തെപ്പോലെ ആണത്തവും, ചൊടിയും, ഉശിരുമുള്ള ചെറുപ്പക്കാരെ ഞാൻ വളരെ കുറച്ചേ കണ്ടിട്ടുള്ളു. ബ്രിട്ടീഷുസാമ്രാജ്യാധികാരത്തിത്തള്ളടി തുണവത്കരിച്ചു നടക്കുന്ന ഒരു സ്വാതന്ത്ര്യോച്ഛ്വാണ് മി: മേനോനെന്നു പറഞ്ഞാൽ ഇക്കാര്യത്തിൽ വേറെ തെളിവുകൂടെ ഹാജരാക്കുവാൻ തലയ്ക്കുസുഖമുള്ള ജഡ്ജിമാരാരും എന്നോടാവശ്യപ്പെടുകയില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. ഏതെങ്കിലും ഒരു സ്ഥലത്തു പോകുന്നത്, തന്റെ ആദർശപരിപാലനത്തിന്നാവശ്യമാണെന്ന് അദ്ദേഹം ഉറച്ചുകഴിഞ്ഞാൽ, അവിടെ അദ്ദേഹത്തെ പോകാതാക്കണമെങ്കിൽ അറസ്റ്റു ചെയ്യുമെന്നോ, തല്ലുമെന്നോ ഉള്ള ഭീഷണി മാത്രം പോര; അദ്ദേഹത്തെ അറസ്റ്റു ചെയ്യുക

യോ, തല്ലി വീഴ്ത്തുകയോ തന്നെ ചെയ്യേണ്ടിവരും. ശ്രീധരമേനോന് പൌരുഷമില്ലെങ്കിൽ, ഈ ലോകത്തിൽ പുരുഷന്മാരില്ലെന്നായിരിക്കും അതിന്റെ അർത്ഥം. അതുകൊണ്ടുതന്നെയാണ് ഞാൻ അദ്ദേഹത്തെ മാതൃകയായെടുക്കുന്നത്.

[പറയുന്നതിന്നിടയ്ക്ക്, അദ്ദേഹത്തിന്റെ ശരിയായ പേര് ശ്രീധരമേനോനെന്നല്ല. പക്ഷെ അത് ഇവിടെ, പറയാത്തതിന്റെ കാരണം ഒട്ടുക്കം വെളിപ്പെടുത്താം.]

മി: മേനോന്റെ കഥയാണ് ഞാൻ പറയുന്നത്. അദ്ദേഹം വിവാഹിതനാണ്. ഭാര്യാസമേതനായിട്ടാണ് കഷ്ടിച്ച് രണ്ടാഴ്ച മുമ്പുവരെ അദ്ദേഹം ഇവിടെ താമസിച്ചിരുന്നത്. അഞ്ചാറു മാസം മുമ്പ്, ഒരു ദിവസം വൈകുന്നേരം ഞാൻ അദ്ദേഹത്തോട്, "കടപ്പുറത്തേക്കു വരുന്നോ?" എന്നു ചോദിച്ചു. ഞാനദ്ദേഹത്തെ കഠിനമായി വേദനപ്പെടുത്തിയതുപോലെയുള്ള ഒരു വികാരം മി: മേനോന്റെ മുഖത്തു പ്രത്യക്ഷപ്പെട്ടു.

"കടൽപ്പുറത്തേക്കോ?"

"അതെ."

"ഇന്നോ?"

"അതെ."

"ഇപ്പോഴോ?"

"അല്ല, നട്ടപ്പാതിരയ്ക്ക്! നിങ്ങൾ വരുന്നോ, ഹേ?"

"എനിക്ക് വരണമെന്നുണ്ടായിരുന്നു. പക്ഷെ—"

"പക്ഷെ എന്താ?"

"വരാൻ വയ്യാ."

"എന്തുകൊണ്ട് വയ്യാ?"

"വയ്യാ, സർ!"

"കാരണം?"

"നേത്തെ വീട്ടിലെത്തണം."

"എന്തിന്?"

"എത്തണം."

"എത്തിയില്ലെങ്കിൽ എന്താണ് സംഭവിക്കുക?"

"എത്തണം, അതുതന്നെ. ഒന്നു തേച്ചുകുളിക്കണം."

ഞാനൊന്നും മറുപടി പറയാതെ മറ്റുള്ളവരുടെ കൂടെ കടൽപ്പുറത്തേക്കു പോയി. പിറേറ ദിവസം വൈകുന്നേരവും ഞങ്ങൾ തമ്മിൽ ഇതേമട്ടിലൊരു സംഭാഷണം നടന്നു. ഫലം അതുതന്നെ; പക്ഷെ പ്രതിബന്ധമെന്ന നിലയിൽ അവതരിപ്പിച്ച കാരണം വേറെയായിരുന്നു. അങ്ങിനെ പത്തുപതിനഞ്ചു ദിവസം ചോദിച്ചു മടുത്തപ്പോൾ പിന്നീട് ഞാൻ ചോദിക്കാതായി. അദ്ദേഹം ഇരിക്കെ വെറുമൊരു യാത്രോക്തിമാത്രം പറഞ്ഞു് മറ്റുള്ളവരുടെകൂടെ ഞാൻ പോകും. ആ സമയത്തൊക്കെ ഞങ്ങൾ പോകുന്നത് അല്പമൊരസൂയയോടും വ്യസനത്തോടുംകൂടിയാണ് അദ്ദേഹം നോക്കുന്നതെന്ന് എനിക്ക് തോന്നാറുണ്ടായിരുന്നു. ഇത് പക്ഷെ എന്റെ ഒരു വെറും തോന്നലായിരിക്കുമെന്ന് ഞാൻ വിചാരിച്ചു. "അദ്ദേഹത്തിന്നു വരണമെന്നുണ്ടെങ്കിലും, കായ്യംകൊണ്ടോ ദേഹസ്ഥിതികൊണ്ടോ വരുന്നതിന്നു മുടക്കമില്ലെങ്കിലും, അദ്ദേഹം വരില്ലേ?" എന്നു് ഞാൻ സമാധാനിച്ചു. എന്റെ ഒരു വിവരമില്ലായ്മ! എന്റെ ഒരു സാധുത്വം!— മറ്റു ഞാനെന്തു പറയാനാണു്?

അങ്ങിനെയിരിക്കെ, ഒരു പതിനഞ്ചു ദിവസം മുമ്പ് ഞാനും മറ്റു സ്നേഹിതന്മാരും കൂടി കടൽപ്പുറത്തേക്കു പുറപ്പെട്ടപ്പോൾ മി: മേനോൻ ഞങ്ങളെ തടഞ്ഞുനിർത്തി.

"നിങ്ങളെന്താണ്, ഹേ, എന്നെ ക്ഷണിക്കാത്തത്?"

"മനസ്സില്ല!"—അല്പമൊരു പരിഭവസ്വരത്തിൽ ഞാൻ മറുപടി പറഞ്ഞു.

മി: മേനോൻ ചിരിച്ചു: "ഹേയ്! അങ്ങിനെ മുഷിഞ്ഞതാലോ? ഞാൻ കടൽക്കാറിന്റെ തണുപ്പു കുറച്ചു കളയുമോ?"

"കടൽക്കാറിന്നു് തണുപ്പുള്ള വിവരം നിങ്ങൾ ഇന്നു് വൈകുന്നേരം മാത്രമേ മനസ്സിലാക്കീട്ടുള്ളൂ?"

"ആ തണുപ്പനുഭവിക്കുവാൻ ഇന്നു മാത്രമേ എനിക്കവസരം കിട്ടീട്ടുള്ളുവെന്നു് കരുതിയാൽ പോരെ?"

"ആറുമാസമായിട്ടോ?"

"ആരെകൊല്ലുമായാലെന്താ? നിത്യേന വൈകുന്നേരം എട്ടുക്കാരണ്ടായിരുന്ന ഒരു ജോലി ഞാൻ വേണ്ടെന്നുവെച്ചു എന്നു വിചാരിച്ചുകൂടെ?"

"നിങ്ങളും ഓരോ ദിവസം ഓരോ സമാധാനമാണല്ലോ പറയാറുണ്ടായിരുന്നത്? പോട്ടെ. കടൽപ്പുറം എന്റെ തറവാട്ടുവകയല്ലാത്തതുകൊണ്ട് ഞാനൊന്നും പറയുന്നില്ല. വരിൻ!"

അന്ന് ഞങ്ങളും എല്ലാവരുംകൂടി പോയി.

ഞങ്ങളും പോകുന്ന വഴിക്ക് മി: മേനോന്റെ അയൽവീട്ടിൽ താമസിക്കുന്ന ആളും, അവിവാഹിതനും, ഒരു ചില്ലറക്കുസ്തിക്കാരനുമായ മി: ശങ്കരൻനമ്പ്യാർ എന്നെ കൂട്ടത്തിൽനിന്നകലത്താക്കി പതുക്കെ പറഞ്ഞു: "ശ്രീധരമേനോൻ ഇന്നു രാവിലെയാണ് നാട്ടിൽപ്പോയി തിരിച്ചുവന്നത്."

"അതുകൊണ്ടെന്താ?" ഞാൻ ചോദിച്ചു.

"അദ്ദേഹം ഭാര്യയെക്കൂട്ടിയാണ് പോയത്"

"അതുകൊണ്ട്?"

"തനിച്ചാണ് തിരിച്ചുവന്നത്."

"എനിക്കു മനസ്സിലാകുന്നില്ലല്ലോ!"

"മരമണ്ടൻ! താനെപ്പോളാണ് ലോകത്തെപ്പറ്റി എന്തെങ്കിലും മനസ്സിലാക്കുക? അതുകൊണ്ടാണ് അദ്ദേഹം ഇതുവരെ നമ്മുടെകൂടെ വരാതിരുന്നത്. അതുകൊണ്ടാണ് ഇപ്പോൾ വരുന്നത്. വീട്ടിൽ ആരെയും പേടിക്കാനില്ല. അതുകൊണ്ട്! തന്റെ തലയിൽ വല്ലതും കടന്നുവോ?"

"നിങ്ങളെന്താണ് സ്വകാര്യം പറയുന്നത്?" എന്നു് ആശങ്കയും ഉത്കണ്ഠയും സ്ഫുരിക്കുന്ന സ്വരത്തിൽ, ഇതിന്നിടയിൽ മി: മേനോൻ ചോദിച്ചു.

"സ്പാനിഷ് കലാപത്തെ സംബന്ധിച്ച് ചില ശുദ്ധപ്രസ്താവങ്ങളെപ്പറ്റി" എന്നു് ഞാൻ ശങ്കാലേശമില്ലാതെ മറുപടി പറഞ്ഞു. മി: മേനോൻ വിശ്വസിച്ചതുപോലെ തോന്നിയില്ല.

അന്നു വൈകുന്നേരം മുഴുവൻ ഞാൻ ഈ സംഗതിയെപ്പറ്റി അഗാധമായാലോചിച്ചു. അതിന്റെ ഫലമായിട്ടാണ് മി: മേനോനെപ്പോലെയുള്ളവർക്കുവേണ്ടി ബിലാത്തിയിലുള്ളതുപോലെ ഒരു ഭാര്യാജ്ഞാലംഘനക്ലബ്ബ് നമ്മുടെ നാട്ടിലും സ്ഥാപിച്ചാൽ നന്നായിരിക്കുമെന്ന് എനിക്ക് തോന്നിയത്.

പിറേറ ദിവസം വൈകുന്നേരം ഞങ്ങളും പുറപ്പെട്ടപ്പോൾ "എന്താ, എസ്. എം., വരുന്നോ?" എന്നു ഞാൻ മി: മേനോനോട് ചോദിച്ചു. "റെഡി! ഇതാ പുറപ്പെട്ട!" എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രസന്നവദനത്തോടുകൂടിയുള്ള മറുപടി. പിന്നിട്, ഇന്നലെവരെ, ഒരൊറ ദിവസം ഒഴിയാതെ അദ്ദേഹം പതിവായി ഞങ്ങളുടെ കൂടെ വന്നിട്ടുണ്ടെന്നു വസ്തുതയും ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.

ഇന്നലെ വൈകുന്നേരം ഞങ്ങളും പുറപ്പെട്ടതിന്ന് അല്പം മുമ്പ് ഞാൻ അദ്ദേഹത്തിന്റെ മേശപ്പുറത്തു് കൈകളുന്നി ഇങ്ങിനെ പറഞ്ഞു: "എസ്. എം., നിങ്ങളും രണ്ടാഴ്ച മുമ്പുവരെ ഒരു ദിവസമെങ്കിലും, കടൽക്കാറേറാട് നിങ്ങൾക്ക് പ്രാണനിർവിശേഷമായ പ്രതിപത്തിയുണ്ടായിരുന്നിട്ടുകൂടി, ഞങ്ങളുടെ കൂടെ വരാതിരുന്നതിന്റെ കാരണം എനിക്ക് മനസ്സിലായി."

ഏതു വികാരമാണ് മുന്നിട്ട് വിൽക്കുന്നതെന്നു് പറയാൻ കഴിയാത്ത ഒരു നോട്ടം മി: എസ്. എം. എന്റെ നേക്കു വിട്ടു. ഞാൻ തുടന്നു പറഞ്ഞു: "ഈ സംഗതിയെ ആസ്പദിച്ചു് ഞാൻ അടുത്ത 'സഞ്ജയ'നിൽ ഒരുപന്യാസം എഴുതുവാൻ പോകുന്നു."

"ഈ സംഗതിയെ അടിസ്ഥാനപ്പെടുത്തിയോ?"

"അതെ."

"എന്റെ പേരു പറഞ്ഞുകൊണ്ടോ?"

"അതെ."

"ഞാൻ തന്നെ പച്ചയോടെ കടിച്ചുതിന്നും."

"പച്ചയോടെ?"

"അതെ."


"തിന്നും?"

"തിന്നും!"

ആ മറുപടിയുടെ ഉഗ്രസ്വരം ഞാൻ മുമ്പ് കേട്ടുപരിചയിച്ചതായിരുന്നു. ചെയ്യാനുദ്ദേശിച്ചതിനെപ്പറ്റി സംസാരിക്കുമ്പോളല്ലാതെ, ആ സ്വരം ഉപയോഗിക്കപ്പെട്ടതായി എനിക്കോർമ്മയുമില്ല.

"എന്നാൽ ഞാൻ ശരിയായ പേരു പറയുന്നില്ലെന്ന് വച്ചെക്കാം" എന്നു ഞാൻ ഉടനെ ഉറപ്പുകൊടുത്തു.

അദ്ദേഹത്തിന്റെ ശരിയായ പേര് ഈ ഉപന്യാസത്തിൽ ഒരിടത്തും ഞാൻ പറഞ്ഞിട്ടുമില്ല.



അനുബന്ധം. (1—4—'37.)

പൊതുജനാവലംബമില്ലാതെയും, ഔദ്യോഗികനിയമനത്തിന്റെ പിന്തുണയില്ലാതെയും തൽകാല മന്ത്രിപദത്തിൽ അപായകരമായ നിൽപ്പുറപ്പിച്ചിരിക്കുന്ന മന്ത്രിമാർ കുമാരരാജാ എം. എ. മുത്തയ്യച്ചെട്ടിയാർ, മി: ആർ. എം. പാലാട്ട്, സർ. കെ. വി. റെഡ്ഡി (പ്രധാനമന്ത്രി) മി: പി. ഖലിഫുള്ളസാഹെബ്, മി: എം. സി. രാജാ, മി: എ. ടി. പന്നീർസെൽവം എന്നീ മാന്യന്മാരാണ്.

വിഷുക്കണി

(മഞ്ജരി.)

അവർ:—

മാതാവു വന്നു വിളിയ്ക്കുവു വേഗം! ഞാൻ
ശ്രീതാവുമക്കണി കണ്ടീടാവു!


നിർമ്മലസ്നേഹം പകർന്നു കൊളുത്തിയ
നന്മണിമംഗളമഞ്ജുദീപം,
അഞ്ചിതം തൽപ്രഭാപൂരത്തിലാറാടി—
ക്കിഞ്ചന പുഞ്ചിരി തൂകും പാത്രം,
അപ്പാത്രമുൾക്കൊള്ളും മുത്തുപൊഴിഞ്ഞായോ—
രല്പേതരാത്ഭുതചാരുരൂപം,
അക്കോമളാകാരം കാണുവാൻ മൂഴവും
തിക്കുന്ന സുന്ദരസൂനവൃന്ദം:


അമ്മ വന്നെന്നെ വിളിയ്ക്കുവു! വേഗം ഞാൻ
കൺമിഴിച്ചുക്കണി കണ്ടീടാവു!

അവൻ:—

അപ്പോ, ഴപ്പൂക്കളാലൊട്ട മറഞ്ഞെഴും
ദുഷ്പണമൊന്നതിലുള്ളതിങ്കൽ
ആ രംഗം മാത്രമ,ല്ലോമനേ, നിന്നേയും
സ്വൈരം ഞാനെന്നേയും കണ്ടീടാവു!

മാധവജി.





ഇരിക്കിൻ! ഇരിക്കിൻ! തിരക്കേണ്ട. എല്ലാവർക്കും ഉള്ളിൽ സ്ഥലമുണ്ട്. ഇരുന്നില്ലേ? ശരി. പ്ലാറ്റ്ഫോറങ്ങളിൽ കയറി കൂക്കും വിളിയും കൂട്ടുവാൻ മഹാവൈമനസ്യത്തോടുകൂടിയ പി. എസ്സ്. ഇന്നും മേലിലും ഇങ്ങിനെയൊരു വേഷംകെട്ടി അരങ്ങേറുവാൻ ഒരുങ്ങിയതിനുള്ള കാരണം ആദ്യമായി പറയണ്ടേ? 'സഞ്ജയൻ'മാസികയെപ്പറ്റി രണ്ടു പ്രധാനമായ ആവലാതികളാണ് ഞാൻ കേട്ടിട്ടുള്ളത്. അവയിലൊന്ന്, അതിൽ ആദ്യന്തം വെറും തമാശയല്ലാതെ കാര്യമൊന്നുമില്ലെന്നുള്ളതായിരുന്നു. പക്ഷെ ഈ ആവലാതി സാരമില്ല. അതു പറയുന്ന വിദ്വാന്മാർ സഞ്ജയൻ എണ്ണത്തിൽപ്പെടുത്തിയവരല്ല. 'വങ്കശിരോമണികളേ, മരമണ്ടന്മാരെ, നിങ്ങളുടെ മരത്തലകളിലും കൂടി പടച്ചവൻ പായവിരിച്ചു കിടക്കുന്നുണ്ട്'' എന്നു പി. എസ്സ്. പറഞ്ഞാൽ, "ഈശാവാസ്യമിദം സർവം" എന്നതന്നെയാണ്, എന്നു മാത്രമാണ്, അതിന്റെ അർത്ഥമെന്നു മനസ്സിലാകുവാൻ മാത്രം മസ്തിഷ്കശക്തിയില്ലാത്ത മഹാമനുഷ്യന്മാരാണവർ. വളരെ ഗൌരവമേറിയ സ്വരത്തിൽ, വ്യാകരണശിരോമണി പരീക്ഷ പാസ്സായ മഹാപണ്ഡിതന്മാർകൂടി കടിച്ചാൽ പല്ലു പോളിസ്സായിപ്പോകുന്ന ഭാഷയിൽ, അരക്കാൽ കാശിനു വിലപിടിയാത്ത ശുദ്ധവങ്കത്തം, വേണമെങ്കിൽ, പറയാമെന്നും, കോമാളിവേഷത്തിൽ, നാടോടി രീതിയിൽ, കേൾക്കുന്ന ആളെ കൊഞ്ഞനം കാട്ടിക്കൊണ്ട്, ഇന്ന് നിലവിലുള്ള ഉപനിഷത്തുകളെ മുഴുവൻ വ്യാഖ്യാനിക്കുകയോ, രാഷ്ട്രമീമാംസാസിദ്ധാന്തങ്ങളെ പ്രതിപാദിക്കുകയോ, കാവ്യഗുണദോഷങ്ങളെ വിമർശിക്കുകയോ ചെയ്യാമെന്നും അവക്കറിഞ്ഞുകൂടാ; അവരറിയുകയുമില്ല. അവക്കുവേണ്ടി ഒരു വാചകം പോയിട്ട്, ഒരു വാക്കുപോലും സഞ്ജയൻ ഇതുവരെ എഴുതിയിട്ടില്ല; എഴുതുവാൻ ഭാവവുമില്ല.

മറ്റൊരുതരം ആക്ഷേപക്കാരുണ്ട്. 'സഞ്ജയൻ' ലോകവാർത്തകളെ, വാർത്തകളെന്ന വിലയിൽ, നിവേദനം ചെയ്യുന്നില്ലെന്നുള്ളതാണ് ആ ആവലാതി. ഈ ന്യായ്യമാകയാൽ ഞാനതിനെ ആദരിക്കുകയും, പരിഹരിക്കുവാൻ ഉദ്യമിക്കുകയും ചെയ്യുന്നു. 'സഞ്ജയൻ' മാസികയായിരുന്ന കാലത്ത് ഈ ആക്ഷേപത്തിന്ന് വിലയുണ്ടായിരുന്നുവെങ്കിൽ, മാസത്തിൽ രണ്ടു തവണ പുറത്തിറങ്ങുന്ന ഈ ഘട്ടത്തിൽ അതിന്ന് ഇരട്ടി വിലയുണ്ടായിരിക്കും; അഥവാ, വിലയുണ്ടായിരിക്കുമായിരുന്നു: ഈ ആക്ഷേപത്തിന്ന് ഞാൻ മേലിൽ ഇടം കൊടുക്കുകയില്ലെന്നു പറഞ്ഞുവല്ലോ.

ആമുഖം നിൽക്കട്ടെ. നിങ്ങൾക്കെന്താണ്, കൂടരേ, അറിയേണ്ടത്? ലോകവാർത്തയല്ലേ? ഇക്കഴിഞ്ഞ രണ്ടാഴ്ചകളിലായി വർത്തമാനക്കടലാസ്സുകളിൽ വലിയ അക്ഷരത്തിലുള്ള തലക്കുറിപ്പുകളുടെ കീഴിൽ പ്രത്യക്ഷപ്പെട്ട പ്രധാനവാർത്തകളുടെ ഒരു രത്നസങ്ഗ്രഹം: അല്ലേ?

ഒന്നാമത് നമുക്ക് സ്പാനിഷ്കലാപത്തെക്കൊണ്ടു തുടങ്ങാം. എത്യോപ്യൻ യുദ്ധം കഴിഞ്ഞതിനു ശേഷം, ഏതു പത്രാധിപരും മുരുങ്ങിയത് രണ്ടു കോളത്തിന്റെ വാർത്തയെങ്കിലും കിട്ടാതിരിക്കുകയില്ലെന്ന് ഉറപ്പിച്ച ഒരു വാർത്ത 'സപ്ലൈ ഡിപ്പോ'വായിത്തീർന്നിരിക്കുകയാണല്ലോ അത്. ആക്കാണ് അവിടെ ജയം, ആക്കാണ് തോൽമ എന്നൊന്നും നിങ്ങൾ ചോദിക്കരു

ത്. കുഴപ്പത്തിലാവും. മേപ്പടി കലാപത്തെക്കുറിച്ചുള്ള കമ്പികം ലോകത്തിലെ നാനാവർത്തമാനക്കടലാസ്സുകളിലേക്കും അയച്ചുകൊടുക്കുന്നത് റോയിറർ ന്യൂസ് ഏജൻസിയാണ്. റോയിററ്ക്ക് ലഹളക്കാരുടെ കേന്ദ്രങ്ങളിൽനിന്നും, സ്പാനിഷ് ഗവർമ്മേണ്ടിന്റെ കേന്ദ്രങ്ങളിൽനിന്നും വിവരങ്ങളും കിട്ടും. അതവർ അപ്പടി പകർത്തി ഇന്ന സ്ഥലത്തുനിന്ന് വന്നതാണെന്നമാത്രം കാണിച്ച്, പീഠികയോ വ്യാഖ്യാനമോ, ഒന്നുംചേർക്കാതെ കടലാസ്സുകാർക്കയച്ചുകൊടുക്കും. കടലാസ്സുകാർ അവയെ വായനക്കാർക്ക് വിളമ്പും. അപ്പോഴാണ് കുഴപ്പം തുടങ്ങുക. "ഗഡാലാജാറാ രംഗത്തിൽവെച്ച് ഇന്നലെ ലഹളക്കാരും ഗവർമ്മേണ്ടു സൈന്യവും തമ്മിൽ നടന്ന ഭയംകരയുദ്ധത്തിൽ ഗവർമ്മേണ്ടുസൈന്യം ലഹളക്കാരെ വമ്പിച്ച നാശത്തോടുകൂടി പന്ത്രണ്ടു മൈൽ പിന്നോക്കം ഓടിച്ചിരിക്കുന്നു' എന്ന് മാഡ്രിഡിൽനിന്നുള്ള ഒരു കമ്പിയിൽക്കാണാം. "ഇന്നലെ ഗഡാലാജാറയിൽവെച്ച് ലഹളക്കാരും ഗവർമ്മേണ്ടു സൈന്യവും തമ്മിൽ ആറുമണിക്കൂറനേരത്തെ ഭയംകരമായ യുദ്ധം നടന്നതിന്നു ശേഷം ഗവർമ്മേണ്ടു സൈന്യം പടക്കോപ്പുകളെയും, മുറിയേററവരെയും യുദ്ധരംഗത്തിൽത്തന്നെ വിട്ട് പിന്തിരിഞ്ഞോടുകയും, ലഹളക്കാർ പത്തു മൈൽ മുന്നോട്ട് കയറുകയും ചെയ്തിരിക്കുന്നു" എന്ന് അതിന്റെ തൊട്ടുകീഴിൽ സലമാങ്കയിൽനിന്നുള്ള ഒരു കമ്പി പറയും. ഏതാണ് ശരി? ഏതാണ് നിങ്ങൾ വിശ്വസിക്കുക? റോയിററ്ക്ക് ഇതിൽ കർത്തവ്യമൊന്നുമില്ല.

"നാദത്തേ കസ്യചിത് പാപം
ന ചൈവ സുകൃതം വിഭുഃ"

എന്ന് ബ്രഹ്മത്തെപ്പററിപ്പറഞ്ഞതുപോലെയാണ് റോയിററരുടെ നില.

പക്ഷെ ഇതിന്റെ സത്യസ്ഥിതി കുറെദിവസം കഴിഞ്ഞാലറിയാം. "ഇതാ, സ്പെയിൻരാജ്യത്തിന്റെ തലസ്ഥാനമായ മാഡ്രിഡ് നഗരം ഞങ്ങൾ വളഞ്ഞിരിക്കുന്നു. നഗരനിവാസികൾ പ്രാണരക്ഷക്കുവേണ്ടി നാലു വശത്തുകൂടിയും ഓടിപ്പോകുന്നു. കോട്ടമതിലുകളും മുക്കാലും നിരന്തരമായ മെഷീൻതോക്ക് വെടികൊണ്ട് തകർന്നു കഴിഞ്ഞു. ഇരുപത്തിനാലു മണിക്കൂറിനകത്ത് മാഡ്രിഡ് ഞങ്ങളുടെ കൈവശമായിരിക്കും" എന്ന് ജനറൽ ഫ്രാങ്കോ കുറെ മാസം മുമ്പ് റോയിററരെ അറിയിച്ചിരുന്നു. "അങ്ങിനെ യാതൊന്നും ഇവിടെ സംഭവിച്ചിട്ടില്ല" എന്ന് സ്പാനിഷ് ഗവർമ്മേണ്ടും അറിയിച്ചു. പക്ഷെ ഇപ്പോഴും മാഡ്രിഡിൽനിന്ന് സ്പാനിഷ് ഗവർമ്മേണ്ടിന്റെ കമ്പികം തന്നെയാണ് വന്നുകൊണ്ടിരിക്കുന്നതെന്നുള്ളതിൽനിന്ന് പണ്ടു പറഞ്ഞ ഇരുപത്തിനാലു മണിക്കൂറിനകത്തു ലഹളക്കാർ മാഡ്രിഡ് കൈവശപ്പെടുത്തീട്ടില്ലെന്ന് തെളിഞ്ഞുവല്ലോ. ഇതാണ് സ്പാനിഷ്കലാപത്തിലെ ഓരോ യുദ്ധത്തിന്റെയും ഫലം കുറെ ദിവസം കഴിഞ്ഞതിനു ശേഷം അനുമാനിക്കുവാൻ മാത്രമെ നമ്മൾക്ക് നിവൃത്തിയുള്ളൂ എന്ന് ഞാൻ പറഞ്ഞത്.

സ്പെയിനിൽ യുദ്ധം നടത്തുന്നത് ആരാണ്? സ്പെയിനിലെ സോഷ്യലിസ്ററ് ഗവർമ്മേണ്ടും, തൽപക്ഷപാതികളും ഒരുവശത്ത്; ആ ഗവർമ്മേണ്ടിനെ തച്ചുടയ്ക്കാൻ പുറപ്പെട്ട ജനറൽ ഫ്രാങ്കോവും തൽപക്ഷപാതികളും മറുവശത്ത്;— എന്നാണ് ഔദ്യോഗികപ്രസ്താവന. മി: ആന്തണി ഈഡൻ എന്ന പേരായ ബ്രിട്ടീഷുഗവർമ്മേണ്ടിന്റെ ചക്രവർത്തിയുടെ പ്രതിനിധി, താൻ പറയുന്നത് ലോകത്തിലെ മുഴുകുടി മാറാത്ത കൂട്ടികളുകൂടി വിശ്വസിക്കാതായിത്തീർന്നിരിക്കുന്നു എന്ന് നല്ലവണ്ണം അറിഞ്ഞതിനുശേഷവും, നിരന്തരം ചിലമ്പുകൊണ്ടിരിക്കുന്നതും അതുതന്നെയാണ്.

പക്ഷെ വാസ്തവം അതല്ല; അതിന്റെ അടുത്തെങ്ങുമല്ല. ആയിരുന്നെങ്കിൽ സ്പാനിഷ് ഗവർമ്മേണ്ടും ജനറൽ ഫ്രാങ്കോവും തമ്മിലുള്ള യുദ്ധം, ബ്രിട്ടീഷുഗവർമ്മേണ്ടും ആലിമുസലിയാരും തമ്മിലുള്ള യുദ്ധത്തെക്കാളധികം നീണ്ടു നിന്നിട്ടുണ്ടായിരിക്കുകയില്ല. യഥാർത്ഥമായ യുദ്ധം തുടങ്ങിയത് സ്പാനിഷ് ഗവർമ്മേണ്ടും, സുന്ദരോപസുന്ദന്മാരെപ്പോലെ ദിഗ്ജയത്തിന്നൊരുങ്ങിയിറങ്ങിയിരിക്കുന്ന ഹിറ്റ്ലർമുസ്സോളിനികളും തമ്മിലായിരുന്നു.

എന്നാൽ എന്തുകൊണ്ട് വിജയം നിഷ്പ്രയാസം ലഹളക്കാക്കു കിട്ടിയില്ല? എന്നു റിങ്ങം ചോദിക്കും. പിന്തുണയില്ലാത്ത ഫ്രാങ്കോവിനെ എതു എളുപ്പത്തിൽ സ്പാനിഷ് ഗവമേണ്ട് തച്ചോടിച്ച് അതിത്തികടത്തുമോ, അതിലും എളുപ്പത്തിൽ ഇറലിയുടെയും ജർമനിയുടെയും പിന്തുണയോടുകൂടിയ ഫ്രാങ്കോ സ്പാനിഷ്ഗവമേണ്ടിനെ തച്ചുടച്ച് മാഡ്രിഡിന്മേൽ കൊടിക്കുറ നാട്ടമായിരുന്നില്ലേ? തീച്ചയായും നാട്ടമായിരുന്നു. പക്ഷെ ആ വിഷമഘട്ടത്തിൽ സ്പാനിഷ് ഗവമേണ്ടിനും ചില പിന്തുണകളൊക്കെ എത്തി. ഒന്ന് സോവിയറ റഷ്യതന്നെ. അതു പ്രത്യക്ഷമായിട്ടല്ലാതെ, വേറെയും ചിലരുണ്ടെന്നാണ് ശ്രുതപ്രസ്താവം. അങ്ങിനെ മാഡ്രിഡ് ലഹളക്കാരുടെ കൈവശമാവാതെ കഴിഞ്ഞു. പക്ഷെ ഇപ്പോഴും ആകപ്പാടെ പരുങ്ങലിലായിരിക്കുന്നത് സ്പാനിഷ്ഗവമേണ്ടതന്നെയാണ്. കാരണം ലഹളക്കാരെ സഹായിക്കുന്ന ഇറലിയും ജർമനിയും പ്രത്യക്ഷമായിട്ടും, ഗവമേണ്ടിനെ സഹായിക്കുന്ന സോഷ്യലിസ്റകാർ പരോക്ഷമായി, മതിലും കണ്ടിയും കയറി മറിഞ്ഞിട്ടുമാണ് അങ്ങിനെ ചെയ്യുന്നതെന്നുള്ളതുതന്നെ.

ഇതിനിടയ്ക്ക് സർ. തേജ്ബഹദൂർ സപ്രുവും മി: ജയക്കാരും ഏകീകരിച്ച് അവതരിച്ച ഒരു മൂത്തിവിശേഷമെന്നപോലെ ലോകത്തിന്റെ കണ്ണിൽ പ്രശോഭിക്കുന്ന മി: ആന്തണി ഈഡൻ ഭാഗവതരായി ഒരു നിഷ്പക്ഷതാപരിപാലന ചൊല്ലിയാട്ടം ലണ്ടനിൽവെച്ച് ബഹുഘോഷമായി കഴിഞ്ഞുകൂടി. സ്പെയിനിലെ ആഭ്യന്തരകലഹം ഒരു യൂറോപ്യൻ യുദ്ധമായി പടർന്നുപിടിച്ചാളിക്കത്തരുതെന്നുള്ള ബ്രിട്ടീഷുഗവമേണ്ടിന്റെ തീവ്രേച്ഛയുടെ ഫലമായിരുന്നു പിള്ളർകൂടി കളിയാക്കി, കൂക്കിത്തുടങ്ങിയിരിക്കുന്ന ഈ ചൊല്ലിയാട്ടം.

എന്താണ് യൂറോപ്പിലെ ചില്വറ രാജ്യക്കാക്കു കൂടിയില്ലാത്ത ഒരു ഭയവും ബേജാറും ബ്രിട്ടന്ന് ഇക്കാര്യത്തിൽ ഉണ്ടാവാൻ കാരണം? അതെളുപ്പത്തിൽ പറയാം: "മടിയിൽ കനമുള്ളവനു് മാത്രമെ വഴിയിൽ ഭയമുള്ളൂ" എന്ന പഴമൊഴി നിങ്ങൾ കേട്ടിട്ടില്ലേ? ഒരു കാരണം അതുതന്നെ. നാട്ടിൽ കൊള്ളയും പിടിച്ചുപറിയും നടക്കുവാനിടയുണ്ടെന്നറിഞ്ഞാൽ ആരാണ് പേടിച്ചു വിറക്കുക? നമ്മളെപ്പോലെയുള്ള പാപ്പർ പുള്ളികളായിരിക്കുമോ? അല്ല. ഒരു പാട്ട റൊല്ല് പത്തായത്തിലും, ഒരു പാട്ട പണം പെട്ടിയിലും കെട്ടിപ്പൂട്ടിവെച്ച ഗംഭീരവയറന്മാരാണ് ആ ഭയത്തിന്റെ ഫലമായി രാത്രി മുഴുവൻ എഴുന്നേറ്റും, കിടന്നും, ഉരുണ്ടും, പിരണ്ടും ഉറക്കമിളയ്ക്കുക. അതു തീച്ചയല്ലേ? അതാണ് ബ്രിട്ടന്റെ ഭയത്തിന്റെയും നിദാനം. ആദിത്യനസ്തമിക്കാത്ത വിധത്തിൽ ഭൂഗോളം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ഒരു സാമ്രാജ്യം പത്തായത്തിലിട്ട് മീതെ കിടന്നുറങ്ങുന്ന ചങ്ങാതി പന്തവും കൊളുത്തി ദീവെട്ടിക്കൊള്ളക്കാർ അയൽവീട്ടിലെ വാതിൽ ചവിട്ടിപ്പൊളിക്കുമ്പോഴും എങ്ങിനെയാണെന്റെ സാറേ, സൈരത്തോടുകൂടി കിടന്നു് കൂക്കും വലിക്കുക? കിഴക്കേതിലെ കൊള്ളകഴിഞ്ഞാൽ കൊള്ളത്തലവന്മാരുടെ കണ്ണ് ഈ ഏഴുനിലക്കെട്ടിടത്തിന്മേൽ പതിയാതെ പോകുമെന്ന് വിചാരിക്കുന്നവൻ എന്തൊരു ശുദ്ധാത്മാവായിരിക്കണം!

ബ്രിട്ടന്റെ വയറ്റിൽവേദനയുടെ കള്ളി ഇപ്പോഴും നിങ്ങൾക്കു തിരിഞ്ഞുവോ? (കഴിഞ്ഞലക്കം 'സഞ്ജയ'നിലെ ഒരുപന്യാസം എന്തോ നിരർത്ഥകമായ ഒരു പ്രലപനമാണെന്നു് തെറ്റിദ്ധരിച്ചു്, സഞ്ജയന്നയച്ച ഒരെഴുത്തിൽ കുറെ അസംബന്ധം പുലമ്പിയ ഒരു 'ബഹുളബുദ്ധിമന്ത'യോടാണ് ഞാൻ പ്രത്യേകമായി ചോദിക്കുന്നത്: ഇപ്പോഴും ആ തലമണ്ടയിൽ വല്ലതും കടന്നുവോ? എന്ന്.)

ഈ നിഷ്പക്ഷതാപരിപാലനശ്രമം എവിടെയെത്തി? നമ്മളൊക്കെ വിചാരിച്ചിരിക്കുന്നതിലും ഹിറ്റ്ലരും മുസ്സോളിനിയും നമ്മുടെ മി: അന്തോണിയേയും കൂട്ടരേയും ചരിത്രപ്രസിദ്ധമായ ബ്ലീച്ചടിപ്പിച്ചു. അതുതന്നെ! മി: അന്തോണി പറഞ്ഞതിനൊക്കെ അവർ 'ആ'മെന്നനാവാടം മൂളി; കായ്മൊക്കെ അവർ മുൻകൂട്ടി നി

ശ്വയിച്ചുറച്ചതുപോലെ നടത്തുകയും ചെയ്തു. ഒടുക്കം തങ്ങളെപ്പറ്റി ലോകം കുറേശ്ശ ചിരിച്ചു തുടങ്ങുന്നുണ്ടോ എന്ന് മി: അന്തോണിക്കും കുട്ടുക്കും ശങ്കയായിത്തുടങ്ങി. ഫ്രാൻസിനു് ലേശമൊരു ശുണ്ഠിതന്നെ പിടിച്ചു. "ഓ, ഹോ! നിങ്ങടം അങ്ങിനെയാണോ ഭാവം? എന്നാൽ ഞങ്ങളും സ്പാനിഷ് ഗവമ്മെണ്ടിനെത്തുണയ്ക്കുവാൻ പരസ്യമായിത്തന്നെ വളണ്ടിയർമാരെ അയക്കും!" എന്ന് ഫ്രാൻസ് ഒടുവിൽ പറഞ്ഞു. പക്ഷെ നമ്മുടെ മി: അന്തോണിക്ക് എനിയും അങ്ങിനെ പറയാൻ തോന്നീട്ടില്ല. അദ്ദേഹം ഇപ്പോഴും പറയുന്നത് "നിഷ്പക്ഷതാപരിപാലനശ്രമം ഉൎജിതമായി നടക്കുന്നു. സ്പെയിനിലേക്ക് അന്യരാജ്യങ്ങളിൽ നിന്ന് വളണ്ടിയർമാരെയോ പടക്കോപ്പുകളോ അയക്കുന്നതു നോക്കിനടത്തുവാൻ മേൽനോട്ടക്കാരെ നിൎത്തീട്ടുണ്ട്. അവരിൽ പലരും പലേടത്തും സ്ഥാനമുറപ്പിച്ചുകഴിഞ്ഞു." എന്നൊക്കെയാണ്. റോയിറർ അതൊക്കെ, അതാതു സമയത്ത്, നമ്മളെ അറിയിക്കുകയും ചെയ്യുന്നുണ്ട്. (റോയിറർ എന്തു ചെയ്യും?) മി: അന്തോണിയെപ്പറ്റി എല്ലാ ദിവസവും ഈരണ്ടു മിനിട്ടനേരം വ്യസനിക്കുവാൻ സഞ്ജയൻ നിങ്ങളോടെല്ലാം അഭ്യൎത്ഥിച്ചുകൊള്ളുന്നു. മി: അന്തോണി പാവമാണ്, കുട്ടരേ!

അതാണ് യൂറോപ്പിലെ സ്ഥിതിയുടെ ഒരേകദേശക്കാഴ്ച. ഇതിനിടയിൽ രാഷ്ട്രീയതന്ത്രങ്ങളും, തന്ത്രങ്ങളും, ശത്രുമിത്രഭാവഹേതുക്കളും കുറെ അധികമുണ്ട്. അവയെ എനി വരുന്ന ലക്കങ്ങളിൽ, പ്രസംഗവശാൽ, കുറേശ്ശയായി വിളമ്പാം. കുറച്ചു മുമ്പ് ബ്രാക്കറിന്നുള്ളിൽ ചൂണ്ടിയ 'ബുദ്ധിമന്ത'യെപ്പോലുള്ളവർ, ഇതൊക്കെ പ്രത്യക്ഷമായി പറഞ്ഞിട്ടും, ഒരെത്തും പിടിയും കിട്ടാതെ, വായിച്ച മട്ടത്ത് കുഴങ്ങി സഞ്ജയന്ന് വേറൊരാവലാതിക്കത്തെഴുതുവാൻ പേന തപ്പുന്നുണ്ടായിരിക്കുകയില്ലെന്നാരു കണ്ടു?

ഇതി യൂറോപ്യൻവാൎത്താസങ്ഗ്രഹം. ഇനി നമ്മുടെ നാട്ടിലെ കഥയെപ്പറ്റിയും അല്പമൊന്നു പറയണ്ടേ? കൊടിക്കൂറയോട്ടം, പഞ്ചവാദ്യത്തോട്ടം, ഈർഷ്യാടത്തോട്ടംകൂടിയും, രണ്ട് റൌണ്ട്ടേബിൾ കോൺഫറൻസുകളും മുന്നിൽ വെള്ളം തളിച്ചുകൊണ്ടും, ഇന്ത്യയിൽ ഇറക്കുമതി ചെയ്യപ്പെട്ട ആ ബ്രഹ്മാണ്ഡഭരണഘടനയുടെ ഉള്ളു മുഴുവൻ പൊള്ളയാണെന്നും, ഈ ചരക്ക് ഇവിടെ ആവശ്യമില്ലെന്നും ഇന്ത്യയിലെ നേതാക്കന്മാരൊക്കെ ഐകകണ്ഠ്യമായി പറഞ്ഞിരുന്നത് നിങ്ങൾക്കോൎമ്മയുണ്ടല്ലോ. ഏതു ഘട്ടത്തിലും, എങ്ങിനെയും, എതിലെയും, എന്തിന്നും ഗവണ്മെണ്ടിന്ന് മന്ത്രിമാരുടെ പ്രവൃത്തികളെ കടന്നു തടയാമെങ്കിൽ, അവർ അവതരിപ്പിക്കുന്ന നിയമങ്ങളും റദ്ദുചെയ്യാമെങ്കിൽ, അവർ തള്ളിയ നിയമങ്ങളും നടപ്പിൽ വരുത്താമെങ്കിൽ, എന്തു മണ്ണാങ്കട്ടസ്വാതന്ത്ര്യമാണ് ഞങ്ങൾക്ക് നിങ്ങൾ തന്നിരിക്കുന്നതെന്ന് അവർ ചോദിച്ചു. കാൎയ്യം വാസ്തവമല്ലേ? എന്റെ വീട്ടിൽ എനിക്കു സ്വാതന്ത്ര്യം തന്നിരിക്കുന്നു എന്നു നിങ്ങൾ പറയുന്നു. പക്ഷെ നിങ്ങൾ കടക്കുവാൻ അനുവദിക്കുന്ന മുറികളിൽ മാത്രമെ ഞാൻ കടക്കുവാൻ പാടുള്ളു. ഞാനതു, ഗത്യന്തരമില്ലാത്തതിനാൽ, കഷ്ടിച്ചു സമ്മതിക്കുന്നു. എനിക്കു കടക്കാമെന്ന് നിങ്ങൾ ദയചെയ്ത് അനുവദിച്ചിട്ടുള്ള മുറികളിലും നിങ്ങൾക്ക് ഇഷ്ടമുള്ളപ്പോൾ, രാത്രിയിലായാലും പകലായാലും, നിങ്ങൾ കടന്നുവരുമെന്നും, എന്നോടു കടന്നു പുറത്തു നിൽക്കുവാൻ ആവശ്യപ്പെടുന്ന പക്ഷം ഞാൻ അങ്ങിനെ ചെയ്തുകൊള്ളണമെന്നും കൂടി നിങ്ങൾ കല്പിക്കുന്നു. "ആവില്ലധികാരി! നിങ്ങളുടെ അനുവാദവും വേണ്ട, മരമുരിങ്ങയും വേണ്ട. ഞാൻ പുറത്തെക്കോലായിൽത്തന്നെ എവിടെയെങ്കിലും ചുരുണ്ടു കിടന്നു്, എന്റെ അവസരം വരുമ്പോൾ അകത്തു കടന്നോളാം" എന്ന് ഈ അവസരത്തിൽ ഞാൻ പറഞ്ഞാൽ അതിലെന്താണ്, ഹേ, തരക്കേട്? അതിനെക്കുറിച്ചെന്തിനാണ്, മൂപ്പരേ, ശുണ്ഠിയെടുക്കുന്നത്? അത്രമാത്രമേ കോൺഗ്രസ്സു ചോദിച്ചിട്ടുള്ളു.

അപ്പോളവരെന്തു പറഞ്ഞു? "ഇതല്ലേ അവിശ്വാസം? അങ്ങിനെ അനാവശ്യനിയന്ത്രണക്കൊയനാവു കലത്തിയ ഒരു ഭരണപരിഷ്കാര

ക്കാപ്പിയാണ് ഞങ്ങടം തരുന്നതെന്ന് നിങ്ങളെന്തിനു് ശങ്കിക്കുന്നു? പണ്ടു കഴിഞ്ഞതും പടയിൽ ചത്തതുമൊക്കെ ഓർമ്മിച്ച് അവിശ്വാസം പ്രദർശിപ്പിക്കേണ്ടുന്ന സമയമാണോ ഇത്? ഗവർണർമാർ ഒരിക്കലും മന്ത്രിമാരുടെ അധികാരസീമയിൽപ്പെട്ട കാര്യങ്ങടം അവർ ചെയ്യുമ്പോടം കടന്നു കൈയിടുകയില്ല. വേണമെങ്കിൽ അവക്കു പ്രവേശിക്കാം എന്നു് ഒരു വെപ്പ് അങ്ങിനെ ഔപചാരികമായി വെച്ചു എന്നേയുള്ളൂ'' എന്നൊക്കെ അവർ പറഞ്ഞു.

അവർ മാത്രമോ? തങ്ങളുടെ സ്വന്തം നാട്ടുകാരെ സംബന്ധിച്ചെടത്തോളം വെള്ളക്കാരെക്കാടം വെള്ളക്കാരായ നമ്മുടെ നാട്ടിലെ ചിലശങ്കിടിക്കാരില്ലേ? അവരും അതുതന്നെ ഏറെപാടി.

ഈശ്വരോ രക്ഷതു! ഭരണഘടനായന്ത്രം യഥാകാലം ഇങ്ങെത്തി. തിരഞ്ഞെടുപ്പു നടന്നു. വോട്ടർമാരുടെ ബഹുഭൂരിപക്ഷം കോൺഗ്രസ്സിലും ഗാന്ധിജിയിലുമുള്ള വിശ്വാസത്തെ പ്രദർശിപ്പിച്ചുകൊണ്ടു്, കോൺഗ്രസ്സു നിർത്തിയ ചിലതുച്ഛന്മാരെപ്പോലും തിരഞ്ഞെടുത്തു; കോൺഗ്രസ്സിനെതിരായി നിന്ന ചില ഭൂലോകവൈശ്രവണന്മാരെപ്പോലും, ഭൂലോകവാസവന്മാരെപ്പോലും, ഭൂലോകബൃഹസ്പതികളെപ്പോലും സലാം പറഞ്ഞു് വോട്ടു കൊടുക്കാതെ തിരിച്ചയച്ചു. പല സംസ്ഥാനനിയമസഭകളിലും കോൺഗ്രസ്സിന്നു് വമ്പിച്ച ഭൂരിപക്ഷം സിദ്ധിച്ചു.

കോൺഗ്രസ്സ് മന്ത്രിപദം സ്വീകരിക്കാമോ? സ്വീകരിക്കേണ്ടതല്ലേ? എന്ന പ്രശ്നങ്ങടം നാടെങ്ങും പൊങ്ങി കേൾക്കാറായി. കോൺഗ്രസ്സ് ഗാന്ധിയമ്മാനോടനേഷിച്ചു. കാർണോപ്പാടിന്റെ തെളിഞ്ഞ കണ്ണുകടം സത്യവും ന്യായവും കാണാതിരിക്കുകയില്ലെന്നു് കോൺഗ്രസ്സിന്നറിയാമായിരുന്നു.

''അവർ പാർലിമെണ്ടിൽവെച്ചു് പറഞ്ഞതു് നേരാണെങ്കിൽ, മന്ത്രിപദം സ്വീകരിക്കാം. പക്ഷെ അതു് ഗവർണർമാർ കൂടി ഒന്നു പറഞ്ഞുകേട്ടാൽ കൊള്ളാമെന്നു് പറയിൻ. എഴുതണ്ട; പരസ്യമായിട്ടല്ല; ഔദ്യോഗികമായിട്ടല്ല; നിങ്ങളുടെ— ഭാവിമന്ത്രിമാരുടെ— സമാധാനത്തിന്നു വേണ്ടി മാത്രം'' എന്നു് ഗാന്ധിയമ്മാൻ ഉപദേശിച്ചു.

കോൺഗ്രസ്സ് നേതാക്കന്മാർ അങ്ങിനെ ഒരുറപ്പുകൊടുക്കുവാൻ ഗവർണരോടു് ആ വശ്യപ്പെടുകയും ചെയ്തു. അപ്പോഴല്ലേ, കേളനാശ്ശാ, വികടമായതു്! അതു കൊടുത്തുകൂടപോലും! കേൾക്കണ്ടേ രസം! ബ്രിട്ടീഷു പാർലിമെണ്ടിൽവെച്ചു് ബില്ലിനെ എങ്ങിനെയെങ്കിലും കടത്തിവിടുവാനുള്ള ചൂടിൽ പറഞ്ഞതു് ഇന്ത്യൻ സംസ്ഥാനങ്ങളിലെ ഗവർമ്മേണ്ടുമന്ദിരങ്ങളിൽവെച്ചു മിണ്ടിക്കൂടതെ!!

അപ്പോഴെക്കു് കൂക്കും വിളിയുമായി. ''നിയമം മാറുവാൻ ഗവർണക്കു അധികാരമുണ്ടോ? പ്രത്യേകാധികാരങ്ങടം നിയമഭാഗങ്ങളല്ലേ? കോൺഗ്രസ്സുകാക്കു് ഭ്രാന്തുണ്ടോ?'' എന്നൊക്കെ ബ്രിട്ടീഷു പത്രങ്ങളും, ഇന്ത്യയിലുള്ള അവയുടെ ശങ്കിടിപത്രങ്ങളും ഉദ്ഘോഷിച്ചു. ഗവർണർ പ്രത്യേകാധികാരം ഉപയോഗിച്ചേ കഴിയൂ എന്നു് നിയമം ശാസിക്കുന്ന പല ഘട്ടങ്ങളുമുണ്ടു്; ആവക ഘട്ടങ്ങളിൽ അവർ മേപ്പടി പ്രത്യേകാധികാരം ഉപയോഗിക്കുകയില്ലെന്നു് പ്രതിജ്ഞ ചെയ്വാനൊന്നും കോൺഗ്രസ്സുകാർ ആവശ്യപ്പെട്ടിട്ടില്ല. ആവശ്യപ്പെട്ടിരുന്നുവെങ്കിൽ അവക്കു് ഭ്രാന്തുണ്ടോ, എന്നു ചോദിക്കാമായിരുന്നു. വേണമെങ്കിൽമാത്രം പ്രത്യേകാധികാരം ഉപയോഗിക്കാമെന്നുള്ള ചില ഘട്ടങ്ങളുമുണ്ടു്. ഈ ഘട്ടങ്ങളിൽ അനാവശ്യമായി തങ്ങളുടെ അധികാരപരിധിയിൽ കടന്നുവന്നു് തകരാറുണ്ടാക്കരുതെന്നേ കോൺഗ്രസ്സുനേതാക്കന്മാർ ആവശ്യപ്പെട്ടിട്ടുള്ളൂ. ഗവർണക്കു് പ്രവൃത്തിസ്വാതന്ത്ര്യം നിയമം അനുവദിച്ചിരിക്കെ, അതിനെപ്പറ്റി ഒരു പ്രതിജ്ഞാസ്വാതന്ത്ര്യം അദ്ദേഹത്തിന്നില്ലെന്നു് വാദിക്കുന്നതു് എന്തൊരു വാദമാണു്, കൂട്ടരേ? എന്നിട്ടും സെറ്റ്ലൻഡ് പ്രഭു—ഇന്ത്യാസിക്രട്ടറി—അതല്ലേ പറയുന്നതു്? അതിന്റെ അർത്ഥം ഇറിഞാൻ ബുദ്ധിമാന്മാരായ നിങ്ങടംക്കു പറഞ്ഞുതരാൻ മിനക്കെടണോ? ഇങ്ങിനെ തുമ്മുമ്പോടം തെറിച്ചുപോകുന്ന മൂക്കു് സഞ്ജയന്നു് വേണ്ടെന്നു സഞ്ജയൻ തിട്ടപ്പെടുത്തിയിരിക്കുന്നു. നിങ്ങളോ?

പക്ഷെ അതാണെങ്കിൽ അതു്, എന്നു പറഞ്ഞു് തലക്കെട്ടം വെച്ചു് മാടുവാൻ നമ്മുടെ സംസ്ഥാനത്തിൽ ആളകപ്പില്ലെന്നാണോ നിങ്ങടം വിചാരിച്ചതു്? അയ്യോ, ഉണ്ടു്, സഹോദരരേ, ഉണ്ടു്! ഇല്ലാതാവണമെങ്കിൽ, നമ്മടം അത്യുഗ്രപുണ്യം ചെയ്തവരായിരിക്കണ്ടേ? മന്ത്രിപദം

കിട്ടുകയില്ലെന്നു തീച്ചപ്പെട്ടുത്തി ഒഴിഞ്ഞുകിടന്ന് ദീർഘശ്വാസം വിട്ടുകൊണ്ടിരുന്ന മലബാറിലെ ഒരു മഹാൻകൂടി ആ കൂട്ടത്തിൽ തിക്കിത്തിരക്കിക്കടന്ന് രണ്ടു കൈകൊണ്ടും അതു വാങ്ങി കൃതാർത്ഥതയടഞ്ഞിരിക്കുന്നു! അവിടുന്ന് ഈ ആ രമാസക്കാലം മുഴുവൻ ആ മേനി അനുഭവിപ്പൂതാക! എന്ന് സഞ്ജയൻ നിങ്ങൾക്കെല്ലാവർക്കും വേണ്ടി ആശംസിച്ചുകൊള്ളട്ടെയോ? "സങ്കല്പവും യാഥാർത്ഥ്യവും എവിടെ എത്തി?" എന്ന് ഈയെടെ ഒരു വിദ്വാൻ സഞ്ജയനോട് ചോദിച്ചു. എത്തിയ ദിക്ക് ഈ ലക്കത്തിൽ വേറൊരു വശത്തു സഞ്ജയന്റെ ചിത്രകാരൻ കാണിച്ചിട്ടുണ്ട്.

എന്റെ ഇന്നത്തെ ഭാഷണം അല്പം ദീർഘിച്ചുപോയോ എന്ന് ഞാൻ ശങ്കിക്കുന്നു. പക്ഷെ ദീർഘചരിത്രങ്ങളാണ് എനിക്കു പറയാനുണ്ടായിരുന്നതെന്നോർത്തു നിങ്ങൾ എനിക്ക് മാപ്പുതരുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എന്ന്, അത്യാഹ്ലാദകരമായ ഒരു വിഷുവേയും, വിജയാനന്ദപ്രദമായ "ഈശ്വര" സംവത്സരത്തേയും—യുക്തിവാദികൾ പരിഭവിക്കരുത്; അതാണ് വിഷുവോടുകൂടി പിറക്കുന്ന പുതിയ കൊല്ലത്തിന്റെ പേര്; ഞാനെന്തുചെയ്യും?—നിങ്ങളിൽ ഓരോരുത്തർക്കും നേർന്നുകൊണ്ട്,

നിങ്ങളുടെയെല്ലാം, സ്വന്തം,
പാ. പു. സഞ്ജയൻ.

അനുശോചനം.

കേരളീയപത്രപ്രവർത്തകർക്ക് ഒരു തന്മമാതൃകയായി പരിലസിച്ചിരുന്ന 'വിദ്യാവിനോദിനി'യുടെ പത്രാധിപരും, സാഹിത്യനിരൂപകനുമായ ശ്രീ: സി. അച്യുതമേനോനവർകൾ ഏപ്രിൽ 3-ാംനു- തന്റെ എഴുപത്തഞ്ചാമത്തെ വയസ്സിൽ നിര്യാതനായതറിഞ്ഞ് സഞ്ജയൻ, കൈരളിയോടൊപ്പം, വ്യസനിക്കുകയും, പരേതാത്മാവിന് നിത്യനിർവൃതിയെ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കവിതാകാമുകൻ.

ആവേശം.

അനന്തയും പുഷ്പരവും സമാനമായ്
പ്രഭാതസൌവർണ്ണമരീചിവാർധിയിൽ
നീരാടിനിൽക്കെ, ത്തനതംഗമാകവേ
രോമാഞ്ചമാർന്ന നവകാമുകൻ കവി.

ആശ.

ടാഗോർ വാഴ്ത്തീടിന കാന്തികന്ദളം
പാകം പ്രഭാതത്തെ വിചിത്രരീതിയിൽ
അതിൽപ്പൊടാതിത്തിരി മീതെയായിനി-
ന്നാദരണം ചെയ്യണമിങ്ങു പുത്തനായ്.

കവിത.

കാറിന്റെ 'ലൈറെ'ന്നതുപോലെ രാത്രിതൻ
മാറിങ്കൽനിന്നെത്തിയ ശുക്രനങ്ങിനെ
ആകാശപാതയ്ക്കുഴലേറി നിൽക്കവേ
പോകുന്നിതാ കാൽനടയായ്യുക്കളം.

പഞ്ചാബുമെയ്ലെന്നതുപോലെ വേഗമാ-
ന്നഞ്ചാതെ വന്നെത്തിന പൊൻകടാഹമോ
രാവിന്റെ 'കൊയ്നാവു' കൂടിച്ച തൊണ്ടയിൽ
തൂവുന്ന പഞ്ചാര കലർന്ന രശ്മികം.

പ്രത്യാശ.

ഈ നവ്യമാം കാവ്യകലക്കു മുമ്പിലാ-
നാമുശിഷ്ടത്തൊടു കൂപ്പിനിൽക്കാം:
എന്തിന്നു ചെങ്കോ, ലിവനുള്ളകൊച്ചു-
പൊൻതൂലികക്കൊന്നുമസാധ്യമല്ല.

ചേമഞ്ചേരി.

റെയിൽവെ കമ്പനികൾക്ക് കൂടുതൽ, വരുമാനമുണ്ടാക്കുവാനുള്ള മാർഗ്ഗങ്ങളെപ്പറ്റി ഒരു വിദ്വൽസംഘം അന്വേഷണം നടത്തിവരുന്നുണ്ടത്രെ.

റെയിലിന്മേൽ തലവെച്ച് ആത്മഹത്യ ചെയ്യുവാൻ ഉദ്ദേശിക്കുന്നവർ മേലിൽ ആ ആവശ്യത്തിന് ഒരു സ്പെഷൽ ടിക്കറ്റ് വാങ്ങണമെന്നുള്ള ഏർപ്പാടിനെക്കുറിച്ച് പ്രസ്തുതവിദ്വൽസംഘം എന്തു വിചാരിക്കുമോ, ആവോ!

എൻെറസത്യാന്വേഷണം.

(വെള്ളം ക്കുട്ടാത്ത വേദാന്തം.)

എല്ലാവരും എല്ലായ്പോഴും സത്യം പറയേണ്ടതാണെന്ന് നമ്മുടെ ഇന്ത്യാ വൈസ്രോയി കുറച്ചുമാസം മുമ്പ് സ്ത്രീകൂട്ടികളെ ഉപദേശിച്ചപ്പോഴും, എല്ലാവർക്കും എല്ലാപ്പോഴും സത്യം പറഞ്ഞു് നാട്ടിൽപ്പൊറുപ്പാൻ കഴിയുകയില്ലെന്നും, അഥവാ, കഴിയുമെങ്കിൽത്തന്നെ, വെള്ളം കൂട്ടാത്ത പച്ചപ്പരമാർത്ഥമെ പറയുകയുള്ളു എന്ന ശാഠ്യം പലപ്പോഴും അതിഭയംകരമായ അനർത്ഥങ്ങൾക്ക് ഹേതുവായിത്തീരുമെന്നും ഞാൻ ഈ പങ്ക്തികളിൽ തെളിയിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. രോഗി ജീവിക്കുകയില്ലെന്ന് തീർച്ചപ്പെടുത്തിയ ഡോക്ടരോട്, "ഞാൻ മരിച്ചുപോകുമെന്ന് നിങ്ങൾക്കു തോന്നുന്നുണ്ടോ ഡോക്ടരേ?" എന്ന് രോഗി ചോദിച്ചാൽ, ഡോക്ടർ അയാൾക്കു തോന്നുന്നതിനെപ്പറ്റി നേരോ കളവോ പറയേണ്ടത്?

"നിങ്ങൾ അന്യായത്തിൽ പറഞ്ഞ സംഗതികളൊക്കെ നേരുതന്നെയല്ലേ?" എന്നു ചോദിച്ച വക്കീലോട് ഒരു കക്ഷി "നിങ്ങൾക്കെന്താണ്, വക്കീലേ, തലക്കിളക്കമുണ്ടോ; നേരു പറയാൻ ഇത്ര വലിയ ഫീസ്സും തന്ന് ഞാൻ നിങ്ങളെ തേടിവരണോ?" എന്ന് ചോദിച്ചിരുന്നപോലും. ഇത്തരത്തിലുള്ള പല ഘട്ടങ്ങളേയും ഞാൻ ആ ഉപന്യാസത്തിൽ നിർദ്ദേശിച്ചിരുന്നു.

പക്ഷെ അതൊക്കെ സത്യസാധുതാഗവേഷണത്തിൻെറ പ്രായോഗികവശങ്ങളാണെന്നു പറയാം ഇന്ന് സത്യസാധുതയെപ്പറ്റി താത്ത്വികമായ ഒരു ഗംഭീരഗവേഷണമാണ് ഞാൻ നടത്തുവാൻ പോകുന്നത്.

താത്ത്വികമായി ആലോചിക്കുന്നതായാൽ, "ബ്രഹ്മം ഉണ്ട" എന്ന ഒരൊറ്റ വാചകമല്ലാതെ മറെറന്തെങ്കിലുമൊരു വാചകം പറഞ്ഞു് സത്യവാദിയെന്ന ബിരുദം സമ്പാദിക്കാമോ? സാധിക്കുകയില്ല. വേദാന്തം പറയുന്നതെന്താണ്? "ബ്രഹ്മ സത്യം ജഗന്മിഥ്യാ"—എന്നുവെച്ചാൽ ബ്രഹ്മം മാത്രം സത്യവും ബാക്കി ഈ ദൃനിയാവും അതിലുള്ള പടപ്പു മുഴുവനും പച്ചക്കളവുമാണ്, എന്നർത്ഥം. നിങ്ങൾ നേരം പുലർന്ന് അസ്തമിക്കുന്നതുവരെ പറയുന്ന സകല വാചകങ്ങളും ദൃനിയാവിലുള്ള വല്ലതിനേയോ വല്ലവരേയോ സംബന്ധിച്ചായിരിക്കുകയില്ലേ? ആയിരിക്കും; അതൊക്കെ കളവായിരിക്കുകയും ചെയ്യും. ആദ്യന്തം സത്യമെന്നു കരുതപ്പെടുന്ന നാലു വാക്യങ്ങളെ പരിശോധിക്കുക:

വെളുത്തിട്ടാണ് കുമ്മായം
കറുത്തിട്ടാണ് കൽക്കരി
ഉരുണ്ടിട്ടാണ് നാരങ്ങ
വടി നീണ്ടിട്ടുമാണെടോ.

ഈ ശ്ലോകം മാത്രം ചൊല്ലിനടക്കുന്ന ആരും നേരു പറയുന്നതിനെ സംബന്ധിച്ചെടത്തോളം മനസ്സാക്ഷിയുടെ വകയായി യാതൊരു ശകാരവും കേൾക്കാനിടയില്ലാത്ത ഭാഗ്യവാനാണെന്നല്ലേ വിചാരിക്കേണ്ടത്? എന്നാൽ, അങ്ങിനെയല്ല. കുമ്മായം എന്നൊന്നില്ല. കുമ്മായത്തെ പ്രപഞ്ചത്തിലുള്ള ഇതരവസ്തുക്കളിൽനിന്ന് വേർതിരിക്കുന്ന ഗുണങ്ങളിൽ ഒന്നിനെങ്കിലും കേവലസത്തയില്ല. അവയൊക്കെ അനിത്യങ്ങളും, വികാര്യങ്ങളും, ഔപാധികങ്ങളുമാണ്. ആ കൂട്ടത്തിൽ വെളുപ്പെന്നു പറയപ്പെടുന്ന ഗുണവും പെടുന്നു. മറെറ മൂന്നു വസ്തുക്കളും അവയെക്കുറിച്ചുള്ള വ്യവഹാരവും അങ്ങിനെതന്നെ. എല്ലാം കളവേ, കളവ്. അനൃതം. ഇംഗ്ലീഷുകാർ പറയുംപോലെ, 'അട്ടർ ഫാൾസുഡ്.'

'മി: രാജഗോപാലാചാരി മന്ത്രിസ്ഥാനം സ്വീകരിച്ചില്ല' എന്നു പറയുന്ന മനുഷ്യനും 'ഉരുമ്പ് ആനയെ പാനംചെയ്തു' എന്നു പറയുന്ന മനുഷ്യനും തമ്മിൽ, കേവലസത്തയെ സംബന്ധിച്ചെടത്തോളം, വ്യത്യാസമില്ലെന്ന് നിങ്ങൾക്ക് ബോധ്യമായോ? സാക്ഷാൽ പരമാർത്ഥം മാത്രമേ പറയുകയുള്ളു എന്ന് നിങ്ങൾ ശാഠ്യം പിടിക്കുന്നപക്ഷം ഈ നിമിഷം മുതൽ 'ബ്രഹ്മമുണ്ട്' എന്ന് സകല ചോദ്യങ്ങൾക്കും സമാധാനം പറഞ്ഞുകൊണ്ട് നിങ്ങൾ നട

ക്കേണ്ടിവരും. നിങ്ങളുടെ ബന്ധുക്കളും സ്നേഹിതന്മാരും എല്ലാംകൂടി നിങ്ങളെപ്പിടിച്ച് ചികിത്സക്ക് ചെമ്പുഎഴുത്തശ്ശന്റെ അരികിലേക്കോ, കുതിരവട്ടത്തേക്കോ അയക്കുകയും ചെയ്യും. അതുതന്നെ.

എനി താത്ത്വികചിന്തയുടെ ഉയർന്ന പടവുകളം വിട്ട് കുറച്ചു കീഴ്പോട്ടെക്ക വന്നു നോക്കുക. ലൌകികവ്യവഹാരപ്രകാരം -- കേവലസത്തയെ ആസ്പദിച്ചല്ല—നേരും കളവും വേർതിരിയുന്ന ദിക്കിലേക്കുതന്നെ ഇറങ്ങിപ്പോവുക. ആ വ്യവഹാരപ്രകാരം കളവായത് ആരും പറയരുതെന്നും എഴുതരുതെന്നും നിയമമായാൽ നമ്മുടെ കവികളും, നോവലെഴുത്തുകാരും, നാടകകർത്താക്കളും ഒക്കെ എവിടെ എത്തും? "സാലപ്രാംശുർമഹാഭുജഃ" എന്ന് രഘുവെപ്പറ്റിപ്പറഞ്ഞ കാളിദാസനെ നാട്ടിൽനിന്ന് തല്ലി ഓടിക്കണ്ടേ? ഉഷ്യന്തനും കണ്വനുമൊക്കെ പൊല്ലിയെന്നു കാളിദാസൻ പറയുന്ന ശ്ലോകങ്ങളും അവരാരെങ്കിലും പൊല്ലിയതാണോ? അതിന്റെ ഒരു സാരമെങ്കിലും അവർ ഗദ്യത്തിൽ പറഞ്ഞുവരാണോ? ആദ്യന്തം പച്ചക്കളവുകളം നിറഞ്ഞ 'കുമാരസംഭവ'വും, 'ഉമാകേരള'വും 'ബന്ധനസ്ഥനായ അനിരുദ്ധനും', 'ഇന്ദുലേഖ'യും 'മാർത്താണ്ഡവർമ്മ'യുമൊക്കെ നമ്മളം തുണ്ടുതുണ്ടായി ചീന്തി തീയിലിട്ടെരിക്കണ്ടേ?

അതൊന്നും വയ്യ. എന്തുകൊണ്ടു വയ്യാ? അവ നിങ്ങളെ രസിപ്പിക്കുന്നതുകൊണ്ട്; അല്ലേ? അതു ശരി! അപ്പോൾ നിങ്ങളെ രസിപ്പിക്കുന്നത് കളവായാൽ തരക്കേടൊന്നുമില്ലെന്നർത്ഥം ഷേ!

"അങ്ങിനെയല്ല. കവികളും നോവലെഴുത്തുകാരും അവർ പറയുന്നത് യഥാർത്ഥമായി നടന്നതാണെന്ന് നിങ്ങളെ വിശ്വസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല. നടക്കാവുന്ന സംഗതികളെപ്പറ്റി നടന്നു എന്ന് അവർ ചമൽക്കാരത്തിനു വേണ്ടി മാത്രം പറയുകയാണ്. നേരെ മറിച്ച് 'എനിക്ക് രാമൻനായർ ആയിരം ഉറുപ്പിക തരാനുണ്ട്' എന്ന്, രാമൻനായർ നിങ്ങൾക്ക് ഒരു പൈപോലും തരാനില്ലാത്തപ്പോൾ ഉണ്ടെന്ന് കേൾക്കുന്നവൻ വിശ്വസിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി, നിങ്ങൾ പറയുകയാണെങ്കിൽ, അതു കളവായിരിക്കും. ഇപ്പോൾ മനസ്സിലായോ?" എന്നാണ് നിങ്ങളുടെ വാദമെങ്കിൽ അതു ഞാൻ സമ്മതിച്ചേക്കാം. പക്ഷെ അതോടുകൂടി, വാക്കല്ല ഉദ്ദേശ്യമാണ് പ്രധാനം എന്ന് നിങ്ങളും സമ്മതിക്കേണ്ടിവരും. സമ്മതിച്ചില്ലെങ്കിൽ, ഞാൻ നിങ്ങളെ നിന്നനിലയിൽ നിർത്തി നിങ്ങളെക്കൊണ്ട് അതു സമ്മതിപ്പിക്കും.

അതാണ് എന്റെ സിദ്ധാന്തം. 'സത്യം പറയണം; കളവു പറയരുത്!" എന്നു ആളുകൾ, തങ്ങൾ വളരെ നല്ല ഒരുപദേശമാണ് കൊടുക്കുന്നതെന്ന നാട്യത്തോടുകൂടി, ഒരു സെക്കൻറ നേരമെങ്കിലും ആലോചിക്കാതെ, വലിയ ഗൌരവഭാവത്തിൽ ഉരുവിടുന്നതു കേൾക്കുമ്പോൾ സത്യമായും എനിക്കു പിരാന്തു പിടിക്കുന്നു. വിവേകപൂർവ്വമായ സദുദ്ദേശ്യത്തോടുകൂടി നിങ്ങൾ എന്തു പറഞ്ഞാലും തരക്കേടില്ലെന്നാണ് ഞാൻ ഉപദേശിക്കുക. സത്യം പറയണം പോലും! സത്യമേ പറയാവൂപോലും! - താത്ത്വികമായി നോക്കുകയാണെങ്കിൽ ഇതു നിരർത്ഥകവും, ലൌകികമായി പരിശോധിക്കുകയാണെങ്കിൽ ഇതു അനർത്ഥകവുമായ ഉപദേശം വേറൊന്നില്ല. ബഹുമാനപ്പെട്ട വൈസ്രോയിയും മറ്റു സത്യപ്രതിപത്തിക്കാരും മുഷിഞ്ഞാലും ശരി, സത്യത്തെപ്പറ്റി ഈയൊരു സത്യം എനിക്കു പറയാതെ നിവൃത്തിയില്ലതന്നെ.

"എന്താ, സേർ, ഈ ഇൻഷൂറൻസ് ഏജണ്ടുമാരിൽനിന്നു രക്ഷപ്പെടുവാൻ നിവൃത്തി?"

"ആദ്യമായി ഏതെങ്കിലുമൊരു കമ്പനിയുടെ ഒരു പഴയ പ്രോസ്പെക്ടസ്സ് ബുക്ക് സമ്പാദിച്ചുവെക്കുക. നിങ്ങൾക്ക് കാഴ്ചയിൽ ഇൻഷൂറൻസ് ഏജണ്ടാണെന്നു തോന്നുന്ന ആളെ കണ്ട ഉടനെ, കീശയിൽനിന്നു മേപ്പടി പ്രോസ്പെക്ടസ്സ് വലിച്ചെടുത്ത് ആ കമ്പനിയിൽ ഒരഞ്ചൂറിനെങ്കിലും ഇൻഷർ ചെയ്യുവാൻ അയാളോട് അങ്ങോട്ട് അപേക്ഷിക്കുക."

അന്തമില്ലാത്ത ആവലാതി

ഇതെന്തൊരമ്പരപ്പാണ്? എന്തൊരാവലാതിയാണ്? ഇതിനൊരവസാനമില്ലെ? എന്തൊരു സൈ്വരക്കേടാ! സ്കൂൾ മാനേജർമാർ മാസ്റ്റർമാക്ക് ന്യായമായ ശമ്പളം കൊടുക്കുന്നില്ലപോലും! അവർ എന്തുകൊണ്ടു ശമ്പളം വാങ്ങുന്നില്ല? ശമ്പളമില്ലെങ്കിൽ എന്തിനു പണിയെടുക്കുന്നു? ഒരാഴ്ചക്കുള്ള പണിക്ക്, പത്താഴം ഞാൻ, ഞാൻ, എന്ന് പറഞ്ഞു ചെന്നാൽ എങ്ങിനെ ന്യായമായ കൂലി കിട്ടും? മാസ്റ്റർമാരെയും മാനേജർമാരെയും തമ്മിൽ തല്ലിക്കാൻ ആളകപ്പെടുന്ന വാസന! കേട്ടില്ലേ, മാനേജർമാർ പണം കൊടുക്കാതെ രശീതി വാങ്ങുന്നപോലും! അഞ്ചും എട്ടും ക്ലാസുവരെ പഠിച്ചവരല്ലേ മാസ്റ്റർമാർ? പണം കിട്ടാതെ എന്തിനു രശീതി കൊടുക്കുന്നു?

ശവമേണ്ട! ഇതെല്ലാം എന്തിനു ആലോചിക്കുന്നു? കുട്ടികളെ പഠിക്കുന്നതിനല്ലെ ഗ്രാന്റ് കൊടുക്കുന്നത്? പണം മാനേജർ എടുത്തുപോ മാസ്റ്റർ എടുത്തുപോ എന്ന് അറിയേണ്ട ആവശ്യമെന്ത്? നെയ്യപ്പം തിന്നാൽ പോരെ? കാരക്കുഴി എണ്ണണമോ?

മാസ്റ്റർമാക്ക് ശമ്പളം! മാനേജർ സ്വന്തം സമ്പാദ്യത്തിൽനിന്നോ തറവാട്ടുവഹയോ ചെലവു ചെയ്ത് കെട്ടിടം പണിയണം; കൊല്ലംതോറും കെട്ടിമേയണം, ബെഞ്ച്; കസാല, ഇത്യാദികളും ഉണ്ടാക്കിച്ച് മാസ്റ്റർമാരെ ക്ഷണിച്ചുവരുത്തി 10 മണി മുതൽ 4 മണി വരെ വാടക വാങ്ങാതെ ഇരുന്ന് വിശ്രമിക്കാൻ അനുവദിച്ചാൽ പോര! പിന്നെ പണവും വേണം പോലും! കൊല്ലം തികയുമ്പോൾ ഇരുപതും ഇരുപത്തഞ്ചും എണ്ണിക്കൊടുക്കണംപോലും!

എന്തിന്? കുട്ടികളെ പഠിപ്പിച്ചതിന്: അവരുടെ ആയുസ്സും ആരോഗ്യവും അന്തസ്സും അഭിമാനവും ആസകലം അപഹരിച്ചതിന്! എന്തു പഠിപ്പിക്കൽ? ഒന്നാംപാഠം പുസ്തകം പഠിപ്പിക്കാൻ രണ്ടുകൊല്ലം! നാലാംപാഠം പുസ്തകം പഠിപ്പിക്കാൻ മൂന്നുകൊല്ലം! മറെറാന്നും ആയില്ലെങ്കിൽ സാക്ഷാൽ മഹാഭാരതം പുസ്തകം നിവർത്തിവെച്ച് മാസ്റ്റർമാർ മാറിമാറിയിരുന്ന് വിടാതെ വായിക്കുകയാണ് ചെയ്തിരുന്നതെങ്കിൽ നമ്മുടെ കുട്ടികളുടെ ഭാവി ജീവിതം കുറച്ചെങ്കിലും നന്നാകുമായിരുന്നു!

ഇപ്പണികൊണ്ടൊന്നും പണമുണ്ടാവില്ല, മാസ്റ്റരെ! മുതലിറക്കാതെ, സ്റ്റെപ്പൻഡ് വാങ്ങിരണ്ടുകൊല്ലം ടെയിനിങ്ങ് സ്കൂളിൽ കഴിച്ചുകൂട്ടിയതുകൊണ്ടു മാത്രം പണം കീശയിലാവുകയില്ല. മുതലാളിത്തത്തിന്റെ കാലമാണിത്. നിങ്ങളും മാതൃമായി അതിൽ രക്ഷപ്പെടാമെന്ന് ആശിക്കേണ്ട.

കേട്ടില്ലേ, നമ്മുടെ അമ്മമനോട് പതും പറയുന്നത്, മുങ്കൊല്ലത്തെ മാസ്റ്റടി കൊടുക്കാത്ത മാനേജർമാക്ക് ഗ്രാന്റ് കൊടുക്കരുതെന്നു നിയമിച്ചാൽ മതിയാകയില്ലെന്ന്? പിന്നെ എന്തു വേണം? ഗ്രാന്റ് മാസ്റ്റർമാരുടെ കയ്യിൽ കൊടുക്കണം! പണം കിട്ടാതെ രശീതി കൊടുക്കുന്ന മാസ്റ്റരാരോ കിട്ടിയ പണം മാനേജർക്ക് കാഴ്ച വെക്കാതിരിക്കുക! മാസ്റ്റർമാരുടെ വായിൽ ആകിയ ഉരുള തൊണ്ടയിൽ നിന്ന് തോണ്ടിയെടുക്കാതിരിപ്പാൻ നമ്മുടെ അമ്മമനോട് വല്ല ഉപായവും പറഞ്ഞ് കൊടുക്കുമോ?

"ചാവാതിരിപ്പാൻ ഒരുപായമുണ്ട്: ജനിക്കാതിരിക്കണം" എന്നുള്ളത് ഏതാണ്ട് കേരളഭാഷയോളംതന്നെ പ്രായംചെന്ന ഒരു വിഴുപ്പൻ ചാക്യാർഫലിതമാണ്. അതിനെ ഇവിടെ, വ്യസനപൂർവം, ഞാൻ ആശ്രയിക്കേണ്ടിവന്നിരിക്കുന്നു. മാസ്റ്റർമാരുടെ ആവലാതി കേൾക്കാതിരിക്കുവാൻ ഒരു മാർഗ്ഗമുണ്ട്; ഒരേ ഒരു മാർഗം: മാസ്റ്റർമാരായവർ മാസ്റ്റർമാരല്ലാതാകണം; മാസ്റ്റർമാരല്ലാത്തവർ മാസ്റ്റർമാരാകാതിരിക്കണം. അതു സാധിയ്ക്കുണമെങ്കിൽ വേറെ പണി കാണണം. അതു കാണാൻ കഴിയാത്തവർ, മാസ്റ്റർമാരായാലും ശരി, അല്ലെങ്കിലും ശരി, മാസ്റ്റർമാരുടെ ദുരിതങ്ങളെപ്പററി വിലപിച്ചു വിലപ്പിടിച്ച കണ്ണുനീർ വെറുതെ ഒഴുക്കിക്കളയേണ്ട.

സാത്യകി.

ക്ഷേത്രപ്രവേശന ബഹളം.

"ഇക്കോലപ്പുതെന്തൊരാരാവ?
മാംസക്കുട്ടക്കോളിരമ്പമോ?
മണ്ണും വിണ്ണും മുടിപ്പാനാ-
യിവർ തീച്ചപ്പെട്ടത്തിയോ?"

അന്നാ,വിളംബരത്തിന്റെ
ഫലമെന്തെന്നു നോക്കുവാൻ
കുളിച്ചമ്പലമുട്ടിശ്ശ
പോകുമൂരാളനോതിനാൻ:—

"ആൺ, പെൺ, ദരിദ്രൻ, ധനികൻ,
മഹാരോഗി, യരോഗിയും,
പണ്ഡിതൻ, പാമരൻ, സ്വപംഗൻ,
വികലാംഗൻ, നതാംഗകൻ;

മഹാകായൻ, ഹ്രസ്വകായൻ,
പിള്ളന്മാർ, കിഴവക്കുലം,
മൂഢൻ, ബുദ്ധ, നിരപ്പാളി,
ദയനീയൻ, മദോദ്ധതൻ;

കവിമന്യർ, കവീന്ദ്രന്മാർ,
കാവ്യശ്രീമൂലഹാരികയും,
പരോപകാരവ്രതികയും,
പരപീഡനലോലുപർ;

സർവ്വം ബ്രഹ്മേതി വക്താക്ക,-
ളെല്ലാം പുല്ലെന്നു ചൊല്ലുവോർ,
ഗായകന്മാർ, വാദകന്മാർ,
കൊള്ളക്കാ, രുട്ടതെണ്ടികയും;

ഭസ്മചന്ദനസിന്ദൂര-
കളഭാദ്യാ വിചിത്രിതർ,
വാതപിത്തകഫാധിക്യ-
വിവശന്മാർ, മഹാശയർ;

വക്കീലന്മാർ, പ്രഭൃക്കന്മാർ,
സോഡക്കാർ, ബീഡി വില്പവർ,
'ചീഫ്'കോർട്ട് ജഡ്ജിമാ,രേറ്റം
മുഷ്ടിക്കുട്ടം ശിവായിമാർ;

ചായക്കാർ, ചിത്രവേലക്കാർ,
ഹോട്ടൽക്കാർ, ചെത്തുകൊത്തുകാർ,
ഷാപ്പുകാർ, ബേങ്കുകാർ, ലോഹ-
വ്യാപാരിനിര, വെപ്പുകാർ;

പാസ്സുകാർ, പട്ടിണിച്ചീട്ട
താഞ്ഞിത്തടി തളർന്നവർ,
ഉദ്യോഗഭ്രാന്തു മൂർഛിച്ചു-
തപ്പാൽമുദ്ര തുലച്ചവർ;

താന്തോന്നിത്തത്തെ വാഴിപ്പാൻ
തഞ്ചം നോക്കി നടപ്പവർ,
അധഃകൃതാളിയെപ്പൊക്കാ-
നാപാതാളം പതിച്ചവർ;

വിഷാദാത്മകർ, വിഖ്യാതി-
നേടുവാൻ കാട്ടുകാട്ടുവോർ,
വേഷക്കാർ, പുതുമോടിക്കാർ,
കൈക്കുലുക്കാർ, കരാറുകാർ;

പൊടിമീശർ, മഹാമീശർ,
മുറിക്കുപ്പായമൂത്തികയും,
മുണ്ഡിതന്മാർ, മുണ്ഡകന്മാർ;
മുന്നിൽക്കുടുമയുള്ളവർ,

കൊന്നാലുമൊന്നുമേകാത്തോ,-
രുള്ളതെല്ലാം കൊടുപ്പവർ,
ഒന്നും ചെയ്യാത്ത മന്ത്രന്മാ-
രെന്തും ചെയ്യുന്ന പാപികയും."……

തടഞ്ഞു വാലിയക്കാര:—
"നമ്മുന്നീവണ്ണമോതിയാൽ,
പത്താണ്ടുകൊണ്ടും തീരാത്ത-
തല്ലീ മർത്ത്യന്റെ പട്ടിക?

ആ മനുഷ്യകുലം ജീവ-
ജാലസാഗരബിന്ദുവാം,
അജ്ജീവജാലമീലോക-
സാഹാറയിൽ മണൽത്തരി!

അതു വമ്പിച്ചൊരീലോക-
മണ്ഡവ്യൂഹത്തിലെത്തുവാൻ?
ആയണ്ഡഭാണ്ഡം സൃഷ്ടിച്ചൊ-
രീശനാരായിരിക്കണം!!

അപ്പോ,ഴാളുകളെക്കണ്ടാൽ
പേടിച്ചോടുന്നൊരീശ്വരൻ
ഉണ്മചലത്തിലെന്നോതു-
മങ്ങേക്കെന്തായിരിക്കണം!!!"

കെ. എൻ. എം.

പി. എസ്സിന്റെ ദിനചര്യ.

അതെ; അതുതന്നെ: എന്റെ ദിനചര്യയെക്കുറിച്ച് ഞാൻ നിങ്ങളോട് പറയാൻ പോകുന്നു. ഞാൻ കൊച്ചീമഹാരാജാവോ, ഹൈദരാബാദ് നൈസാമോ, നവനഗരിലെ ജാം സാഹിബോ, ഹിറ്റ്‌ലരോ, മുസ്സോളിനിയോ, സ്ഥാനമുറച്ച ഒരു മഹാകവിയോ, കീർത്തി പരത്തിയ ഒരു മഹാചിന്തകനോ മറ്റോ ആയിരുന്നെങ്കിൽ എന്റെ ദിനചര്യയെപ്പറ്റി പത്രറിപ്പോർട്ടർമാരും, ചില്ലറ സാഹിത്യകാരന്മാരും മറ്റും ഇങ്ങോട്ടുവന്നന്വേഷിച്ച് പത്രങ്ങളിൽ അതിന്റെ ഒരു റിപ്പോർട്ട് കൊടുക്കുമായിരുന്നു; മറ്റു പത്രങ്ങളും പത്രഗ്രന്ഥങ്ങളും അതു പകർത്തി അച്ചടിക്കുമായിരുന്നു. പക്ഷെ ഞാനൊരു മഹാരാജാവല്ലെന്നു മാത്രമല്ല, ഒരു വില്ലേജ് മുൻസിഫ് കൂടിയല്ല; ഒരു മഹാകവിയല്ലെന്നു മാത്രമല്ല, ഒരു വെറും കവികൂടിയല്ല. ഈ ജന്മത്തിൽ അങ്ങിനെ വല്ലതും ആയിക്കളയാമെന്നുള്ള ആശയുടെ കഴുത്ത് പണ്ടേ ഒടിഞ്ഞുപോയിരിക്കുന്നു. ഞാൻ വിത്തെറിഞ്ഞാൽ മുളക്കാത്ത വെറും പാറപ്പുറത്തു സഞ്ജയൻ മാത്രമാണ്. ആ സ്ഥിതിക്ക് പത്രറിപ്പോർട്ടർമാരാരും എന്നെപ്പറ്റി വല്ലതും അറിവാൻ ഇങ്ങോട്ട പാഞ്ഞുവരുമെന്ന് തോന്നുന്നില്ല. അതുകൊണ്ടാണ്, അതുകൊണ്ടു മാത്രമാണ്, എന്റെ ദിനചര്യാപരിപാടിയെ ഞാൻതന്നെ പ്രസിദ്ധപ്പെടുത്തുവാൻ ഒരുങ്ങുന്നത്.

ഞാനെന്തിനാണ് ഇത ചെയ്യുന്നത്? തീച്ചയായും നിങ്ങളുടെ ഇടയിൽ ചില മഹോദാരമതികൾ കരുതിയേക്കാവുന്നതുപോലെ, അധിക പ്രസംഗംകൊണ്ടല്ല. എന്നെ ആരെങ്കിലും വന്നു കാണണമെന്ന് എനിക്കാഗ്രഹമില്ല. എന്നെപ്പറ്റി വല്ല വിവരവും ഈ ദുനിയാവിന്നകത്ത് ആരെങ്കിലും അറിയുവാൻ വെമ്പുന്നുണ്ടെന്നുള്ള അന്ധവിശ്വാസമേ എനിക്കില്ല. എന്റെ ഒരൊറ്റ പ്രാർത്ഥന ഇടിച്ചുതാഴ്ത്തുവാൻ ഉദ്ദേശിക്കുന്ന കൂട്ടരുടെ കൈയിൽപ്പെട്ടാലും, എടുത്തുപൊക്കുവാൻ ഉദ്യമിക്കുന്ന കൂട്ടരുടെ കൈയിൽ പെടരുതേ! എന്നാണ്. കാരണം ആ ബന്ധുക്കളുടെ ചൊല്പടിക്കു നിന്നില്ലെങ്കിൽ, അവർ പിന്നീട് ശത്രുക്കളേക്കാൾ ശത്രുക്കളായി നിറം മാറുമെന്നുള്ളതാണ്. എന്തിന്ന് ആ സൊല്ലയ്ക്കൊക്കെ പോകുന്നു? നിങ്ങളുടെ ബഹുമതിയും അഭിനന്ദനവുമൊക്കെ അത് ആവശ്യപ്പെടുകയും അർഹിക്കുകയും ചെയ്യുന്ന മഹാന്മാക്ക് കൊടുത്തേക്കിൻ! നിങ്ങളാരെങ്കിലും ഒരു നല്ല അഭിപ്രായം പറയാൻ ഭാവിക്കുമ്പോഴത്തന്നെ ഞാൻ പേടിച്ചു വിറയ്ക്കുന്നു. ഗ്രഹപ്പിഴകൊണ്ട് നിങ്ങളുടെ വല്ല ബന്ധുവെയോ സ്നേഹിതനെയോപറ്റി ഇന്ന് ഒരു ചിർ ചിരിക്കേണ്ടിവന്നുപോയാൽ, ഇങ്ങ് അർഹിക്കാത്ത അതിസ്തുതി ഇന്നലെ ഉതിർത്തുവിട്ട ആ നാവുകൊണ്ടുതന്നെ നാളെ നിങ്ങളെ എന്താണ് പറയുകയെന്ന് എനിക്ക് അസ്സലായറിയാം. അതുകൊണ്ട് നിങ്ങൾക്കും, നിങ്ങൾക്കും, നിങ്ങൾക്കും, എല്ലാവർക്കും സലാം! നിങ്ങൾ പോവിൻ! സഞ്ജയൻ എഴുത്തുകാരനുമല്ല, ഫലിതക്കാരനുമല്ല, പ്രാസംഗികനുമല്ല, ദേശാഭിമാനിയുമല്ല, ഭാഷാഭിമാനിയുമല്ല, ഒന്നുമല്ല, ആരുമല്ല, ഏതുമല്ല; ആകുമെന്ന് പ്രതീക്ഷയില്ല; ആകണമെന്നാശയുമില്ല. നിങ്ങളാരും പരിഭ്രമിക്കുകയോ, പരിഭവിക്കുകയോ, നെറ്റി ചുളിക്കുകയോ, പല്ലു കടിക്കുകയോ ഒന്നും വേണ്ട. നിങ്ങൾ നേരെ കിഴക്കോട്ടെക്കാണ് പോക്കെങ്കിൽ, ഞാൻ നേരെ പടിഞ്ഞാട്ടെക്കാണ്. നിങ്ങളുടെ വഴിയാണ് നല്ലതെന്നും, ഞാൻ ചെന്നിറങ്ങുന്നത് അറബിക്കടലിലാണെന്നും ഞാൻതന്നെ സമ്മതിക്കുകയും ചെയ്യുന്നു. പോരെ? ഒരു തവണകൂടി സലാം! നമ്മൾ തമ്മിൽ കാണാതിരിക്കട്ടെ!

അക്കഥ നിൽക്കട്ടെ. ഞാൻ എന്റെ ദിനചര്യാപരിപാടി പ്രസിദ്ധപ്പെടുത്തുന്നത് ജനോപകാരാർത്ഥമാണെന്ന് ഇവിടെ പറഞ്ഞേക്കാം. എന്നുവെച്ചാൽ, ജനങ്ങൾ അതു വായിച്ച് എന്നെ അനുകരിക്കേണമെന്നുദ്ദേശിച്ചല്ല; എന്നെ അനുകരിച്ച്, എന്നെപ്പോലെ, ഒന്നിന്നും കൊള്ളാത്ത മരമണ്ടന്മാരായിത്തീരരുതെന്നുള്ള ഒരൊറ്റ വിചാരത്തോടുകൂടിയാണ്. ഇത് മാർഗനിർദ്ദേശമല്ല, അപായവിജ്ഞാപനമാണെന്നർത്ഥം. നോക്കിക്കോളിൻ; മാറിക്കോളിൻ!

അവിടുന്ന്—അതായത്, ഞാൻ—രാവിലെ അഞ്ചുമണിയ്ക്കുംപുറമായി ഒന്നാമത്തെ പ്രാവശ്യം ഉണരുന്നു. എത്ര ജോലിത്തിരക്കുണ്ടായാലും, മഹാമടി ഹേതുവായി, എഴുന്നേൽക്കാൻ കൂട്ടാക്കാതെ വീണ്ടും ഉറങ്ങുവാൻ ശ്രമിക്കുന്നു. ആ ശ്രമം ഫലിച്ചില്ലെങ്കിൽകൂടി, കണ്ണടച്ച്

കിടന്നോടത്തുതന്നെ, മരാമരംപോലെ, ഏഴ്, ഏഴര മണിവരെ കിടക്കുന്നു.

പിന്നീട് സൂര്യപ്രകാശത്തിന്റെയും വീട്ടിൽ ഉണ്ണൻകഴിഞ്ഞ മഹാദ്രോഹികളുടെയും ശല്യം സഹിക്കുന്നതിലും ഭേദം എഴുന്നേൽക്കുകയാണെന്നു ബോദ്ധ്യമായാൽ, അവിടുന്ന് മഹാ വൈമനസ്യത്തോടുകൂടി എഴുന്നേറ്റ്, പല്ലുതേപ്പിന്നുള്ള സാമഗ്രികളെ കടുശലായ ഈർഷ്യയോടുകൂടി ഇടയ്ക്കിടെ വീക്ഷിച്ചുകൊണ്ട്, പുറത്തെ ക്കോലായിലെ കാൻവാസ് കസാലമേൽ ചെന്നിരിക്കുന്നു. കാപ്പി മേശപ്പുറത്ത് എത്തിക്കഴിഞ്ഞാൽ, അല്പമൊരുന്മേഷത്തോടുകൂടി, പല്ലുതേപ്പ് മുതലായ ദിനകൃത്യങ്ങൾ ആരംഭിക്കുന്നു. അതൊക്കെ കഴിയുമ്പോഴെക്കും തണുത്ത് ഒന്നിന്നും കൊള്ളാതായ കാപ്പി ചൂടാക്കികൊണ്ടുവരുവാൻ ആജ്ഞാപിച്ചതിന്നു ശേഷം അവിടുന്ന് ബന്ധുക്കൾക്കും സ്നേഹിതന്മാർക്കും രാവിലെ എഴുന്നേൽക്കണമെന്ന് തലേ ദിവസം രാത്രി തീച്ചപ്പെടുത്തിയ എഴുത്തുകൂടം അന്നു രാത്രി എഴുതാമെന്ന് സാവധാനത്തിൽ നിശ്ചയിക്കുന്നു. ഈ ദൃഢനിശ്ചയത്തോടുകൂടിയാണ് അവിടുന്ന് കാപ്പിയും പലഹാരവും കഴിക്കുന്നത്.


കൃത്യം എട്ടുമണിക്ക് അവിടുന്ന് പ്രവൃത്തിയെടുപ്പാൻ പോവുകയെന്ന വ്യാജേന പുറത്തിറങ്ങി, വല്ല ആപ്പീസിലുമിരുന്ന് ജോലിചെയ്യുന്ന തന്റെ സ്നേഹിതന്മാരെ സംസാരിച്ച് ബോറാക്കി നശിപ്പിക്കാൻ തുടങ്ങുകയായി. രാത്രിയാകുന്നതുവരെ, ഇടയ്ക്കിടയ്ക്ക് ചായ കുടിക്കുവാൻ വിനിയോഗിക്കുന്ന സമയമൊഴിച്ച്, ഇതുതന്നെയാണ് അവിടുത്തെ പ്രധാനജോലി. സംസാരവിഷയം മിക്കവാറും പരദൂഷണമാണ്. ചില്ലറ ജനദ്രോഹം വല്ലതും ചെയ്യുവാൻ ഇതിലിടയ്ക്ക് തക്കം കിട്ടിയെങ്കിൽ അവിടുന്ന് അതു വെറുതെ വിടുകയാറമില്ല. ഉർലഭം ചില ദിവസങ്ങളിൽ സംസാരിച്ചു ബോറാക്കുവാൻ ആളെ കിട്ടിയില്ലെങ്കിൽ, എഴുതി ബോറാക്കുവാനുള്ള ശ്രമം തുടങ്ങുന്നു. "സാഹിത്യപരിശ്രമ"മെന്നാണാ ഈ ഭയംകരജനദ്രോഹത്തിന്ന് അവിടുന്നും അവിടുത്തെ അരഡസൻ സ്തുതിപാഠകന്മാരും നൽകിയിരിക്കുന്ന പേര്. ഇതിനെക്കുറിച്ച് പൊതുജനങ്ങളുടെ ഇടയിൽ സൂക്ഷ്മമായ അഭിപ്രായവ്യത്യാസമുണ്ടെന്നുള്ള സംഗതിയും, അവിടുന്ന് മനസ്സിലാക്കിയിട്ടില്ലെങ്കിലും, ഇവിടെ പ്രസ്താവ്യമാണ്.

ഇതിലിടയ്ക്ക്, എപ്പോഴെങ്കിലും, അവിടുന്ന് ആദ്യം കാഴ്ചയിൽപ്പെട്ട ഏതെങ്കിലും ഒരെണ്ണയെടുത്തു തലയിൽ പൂശി ഒരു കുളി കുളിച്ചിട്ടുണ്ടായിരിക്കുമെന്നും വക്തവ്യമാണ്.

രാത്രിയത്തെ ഭക്ഷണം കഴിഞ്ഞാൽ തങ്ങളുടെ ജോലി നോക്കുകയോ, ഉറങ്ങാൻ ഭാവിക്കുകയോ ചെയ്യുന്നവരെ അവിടുന്ന് യാതൊരു മനോവൈക്ലബ്യവുമില്ലാതെ വീണ്ടും അലട്ടുകയായി. അങ്ങിനെ, ചിരഞ്ജീവികൾക്കുപോലും അകാലമൃത്യു വരുത്തിച്ചേക്കുന്ന വിധത്തിലുള്ള മനഃശ്ശാപം അവരിൽനിന്നൊക്കെ സമ്പാദിച്ചതിന്നു ശേഷം, അന്നു രാത്രി എഴുതണമെന്ന് ഉറപ്പിച്ചിരുന്ന എഴുത്തുകൂടം പിറേറ ദിവസം രാവിലെ എഴുന്നതാണ് നല്ലതെന്ന് തീരുമാനിച്ച്, അർദ്ധരാത്രിയോടടുത്ത്, വലിയ കൃതകൃത്യതയോടുകൂടി, അവിടുന്ന് മുറ്റത്തുള്ള കാൻവാസു കസാലയിൽ ആകാശം നോക്കി മലർന്നുകിടക്കുന്നു. ഈ അവസരങ്ങളിൽ നിയമേന ജനദ്രോഹവിഷയകമായ ചിന്തകളിലാണ് അവിടുന്ന് ഏർപ്പെടാറുള്ളത്. (മഴക്കാലത്ത് പ്രസ്തുത കസാല വരാന്തയിലായിരിക്കുമെന്നും, ആകാശം നോക്കുന്നതിന്നു പകരം മച്ചു നോക്കുകയാണ് പതിവെന്നും മാത്രമെ വ്യത്യാസമുള്ളൂ.) കാൽക്കാശിന്നു വിലപിടിക്കാത്ത അസംബന്ധങ്ങൾ എഴുതിക്കൂട്ടുകയെന്ന തന്റെ ജോലിയും ഇടയ്ക്ക് ഈ അവസരത്തിൽ അവിടുന്ന് ചെയ്യാറുണ്ട്.

അർദ്ധരാത്രി കഴിഞ്ഞു, പുലച്ചക്ക് മുമ്പ്, എപ്പോഴെങ്കിലും അവിടുന്ന് കിടപ്പുമുറിയിലേക്കു പോയി ഉറങ്ങുകയും ചെയ്യുന്നു.

ഇതാണ് അവിടുത്തെ—എന്നുവെച്ചാൽ, എന്റെ—ദിനചര്യാക്രമം. രക്ഷിതാക്കന്മാരും, സ്കൂൾമാസ്റ്റർമാരും തങ്ങളുടെ അധികാരസീമയിൽപ്പെട്ട കുട്ടികളെ ലജ്ജാവഹമെങ്കിലും, ഏതാണ്ട് അക്ഷരംപ്രതി സത്യമായ, ഈ റിപ്പോർട്ട് വായിച്ചു കേൾപ്പിച്ച്, ഈ വഴിക്കുപോയി പാറപ്പുറത്തു സഞ്ജയനെപ്പോലെ നിഷ്പ്രയോജനജീവിതം നയിക്കാതിരിക്കുവാൻ അവരെ കഠിനമായി താക്കീതു ചെയ്യുമെന്ന് ഞാൻ സത്യമായും പ്രത്യാശിക്കുന്നു.



അഭിനന്ദനം.

പി. എസ്സ്:—[ഏപ്രിൽ 1-ാംനു- കോഴിക്കോട്ട് കടൽപ്പുറത്തുവെച്ച്, പുതിയ ഭരണഘടനക്കെതിരായി ശ്രീ: യു. ഗോപാലമേനോൻ ചെയ്ത ഉജ്വലപ്രസംഗത്തെ അനുസ്മരിച്ചുകൊണ്ട്] മി: യു. ജി., ആ പഴയ അപവാദത്തിന്റെ കഥ എങ്ങിനെയെങ്കിലുമാകട്ടെ; താങ്കളുടെ പ്രസംഗം ഒന്നാന്തരമായിരിക്കുന്നു.

അഭിപ്രായഗതി.

നിരൂപകന്മാരെ ബ്ലീച്ചടിപ്പിക്കുവാൻ വേണ്ടി മാത്രം എഴുതപ്പെട്ട ഒരു കഥ.

സുപ്രസിദ്ധസാഹിത്യകാരനും, സമുദായപരിഷ്കാരിയും, 'ഭാരതിയുടെ ഭർത്താവ്', 'കുഞ്ചുപിള്ളയുടെ പുത്രി', 'ശാന്തയുടെ സ്വയംവരം' മുതലായ വിശിഷ്ടനോവലുകളുടെ കർത്താവുമായ മി: കെ. കെ. മാർത്താണ്ഡംപിള്ള 'ലീലയുടെ കാമുകൻ' എന്ന പേരോടുകൂടി ഒരു പുതിയ നോവലെഴുതി. മി: പിള്ളയുടെ മറ്റു നോവലുകളെപ്പോലെ അതും ഒരു സാമുദായികാഖ്യായികയായിരുന്നു; അവയെപ്പോലെ അതും അച്ചടിച്ചാൽ ഡെമ്മി എട്ടു വലിപ്പത്തിൽ ആയിരത്തിൽകുറയാതെ വശങ്ങളും വരുന്ന ഒരു മഹാ'ലോങ്ങൻ' കഥയായിരുന്നു; മറ്റുള്ളവയിലെന്നപോലെ, അതിലും പത്തും പതിനഞ്ചും വശങ്ങളിൽ ചുരുങ്ങാത്ത ദീർഘവർണ്ണനാങ്ങളും, ആവശ്യമില്ലാത്ത സംഭാഷണങ്ങളും, പ്രധാനകഥയുമായി ഘടിക്കാത്ത സംഭവചരിത്രങ്ങളും ഉണ്ടായിരുന്നു. മി: പിള്ളയുടെ ഒരു പുസ്തകം കള്ളി മനസ്സിലാക്കാതെ വായിച്ചുപോയവർ കഥ മനസ്സിലാക്കുവാൻകൂടി മറ്റൊരു പുസ്തകം വായിക്കാറില്ല. ഉറക്കം കിട്ടാതെ ഉഴലുന്നവക്ക് രാത്രിതോറും വായിക്കുവാൻ നന്നെന്ന് ചില വൈദ്യന്മാർ മാത്രമെ അവയെ ഹൃദയപൂർവം ശിപാശി ചെയ്തിട്ടുള്ളൂ.

പക്ഷെ മി: പിള്ള പണക്കാരനായിരുന്നു; പാഠ്യപുസ്തകക്കമ്മിറ്റികളിലുള്ള പല പ്രധാനികളും അദ്ദേഹത്തിന്റെ സ്നേഹിതന്മാരുമായിരുന്നു. അതുകൊണ്ട് തന്റെ പുസ്തകങ്ങളും ആയിരക്കണക്കായി അച്ചടിപ്പിക്കുവാനും, അച്ചടിച്ചവയെ വിറ്റു തീർക്കുവാനും അദ്ദേഹത്തിന്നു സാധിച്ചു.

'ലീലയുടെ കാമുകൻ' പതിവുപോലെ 'ഭാഷാസഹായം' പ്രസ്സുകാരുടെ കൈയിൽ എല്പിക്കപ്പെട്ടു. അച്ചടിയും കഴിഞ്ഞു. ഈ ഘട്ടത്തിലാണ് സാധാരണയായി ബഹു ചിട്ടയായും, സനിഷ്കൃഷ്ടമായ മേൽനോട്ടത്തിലും പ്രവർത്തിക്കുന്ന 'ഭാഷാസഹായം' പ്രസ്സുകാർക്ക് ചെറിയ ഒരമളി പിണഞ്ഞത്. മി: പിള്ളയുടെ നോവൽ അടിക്കുന്ന സമയത്തുതന്നെ പ്രസ്തുത പ്രസ്സിൽവെച്ച് വേറെയും ഒരു പുസ്തകം അടിക്കുന്നുണ്ടായിരുന്നു: മി: സി. കെ. വൈദ്യനാഥയ്യർ മലബാറിലെ ഹൈസ്കൂൾ വിദ്യാർത്ഥികളുടെ മലയാളഭാഷാശൈലിയെ എന്നെന്നേക്കുമായി നശിപ്പിക്കുവാനുള്ള ഏകോദ്ദേശ്യത്തോടുകൂടി എഴുതിയതാണെന്നു തോന്നിയ്ക്കുന്നതും, ഏകദേശം മുന്നൂറു വശങ്ങളടങ്ങിയതുമായ, 'ഇന്ത്യാചരിത്രസംഗ്രഹം.' (ഇതും പാഠ്യപുസ്തകക്കമ്മിറ്റിക്കാരുടെ അംഗീകരണം സിദ്ധിച്ച ഒരു സാധനമായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ.) പ്രസ്സിലെ പ്രവൃത്തിക്കാർ, തിരക്കിൽ, മി: പിള്ളയുടെ നോവലിന്റെ അമ്പതു കവറകം മി: അയ്യരുടെ ചരിത്രസംഗ്രഹത്തിന്റെ അമ്പതു പ്രതികളോട് ചേർത്തൊട്ടിച്ചു റെഡിയാക്കി, ആ അമ്പതു പ്രതികളും, മി: പിള്ള ആവശ്യപ്പെട്ടിരുന്നതുപ്രകാരം, കേരളത്തിലെ പ്രധാനപത്രങ്ങൾക്കും മാസികകൾക്കും അഭിപ്രായത്തിന്നായച്ചുകൊടുത്തു.

അഭിപ്രായങ്ങൾ അചിരേണ പുറത്തുവന്നു. ചില സാമ്പിളുകൾ താഴെ ചേർക്കുന്നു:

"സാഹിത്യലോകത്തിൽ പേരെടുത്തുകഴിഞ്ഞ ഒരു നോവലെഴുത്തുകാരനായ ശ്രീ: കെ. കെ. മാത്താണ്ഡം പിള്ളയുടെ ഒരു പുതിയ നോവലാണ് നിരൂപണവിഷയമായ 'ലീലയുടെ കാമുകൻ.' മി: പിള്ളയുടെ ഇതരാഖ്യായികകളിലെന്നപോലെ, 'ലീലയുടെ കാമുക'നിലും മുന്നിട്ടു നിൽക്കുന്നത് ഗ്രന്ഥകർത്താവിന്റെ സമുദായപരിഷ്കരണേച്ഛയാണ്. നായികയായ ലീല സ്ത്രീസഹജമായ ചാപല്യത്തിന്ന് ചിലപ്പോൾ വശംവദയായിത്തീരുന്നുണ്ടെങ്കിലും, അവൾ കേരളീയസ്ത്രീകൾക്ക് എന്നെന്നും ഒരു മാതൃകയായിത്തന്നെ ഇരിയ്ക്കുമെന്നാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം. മി: പിള്ളയുടെ പാത്രസൃഷ്ടിനൈപുണ്യത്തിന്നും, മനുഷ്യസ്വഭാവവിചക്ഷണതയ്ക്കും ഉത്തമസാക്ഷ്യം വഹിക്കുന്ന പല ഭാഗങ്ങളും ഇതിൽ കാണ്മാനുണ്ട്. പക്ഷെ ഒരു സ്ത്രീയുടെ പ്രണയഗതിയെ രക്ഷിതാക്കന്മാർ തീരെ നിയന്ത്രിക്കാതെ വിടുകയാണ് വേണ്ടതെന്നു ചിലർക്കുള്ള അഭിപ്രായത്തെപ്പറ്റി മി: പിള്ള ഇരുവശത്തും പറയാത്ത ഒരനുമാനത്തെയാണ് നിർദ്ദേശിക്കുന്നതെന്ന് ഞങ്ങൾക്കു തോന്നുന്നു. അതെങ്ങിനെയായാലും ഈ പുസ്തകത്തിന്റെ ഒരു പ്രധാനഗുണം ഞങ്ങൾക്കിടെ എടുത്തു പറയാതെ നിവൃത്തിയില്ല: സംഭവബഹുലമായ ഒരു കഥയെ, പതിവുപ്രകാരമല്ലാതെ, മുന്നൂറിൽച്ചിലപാനം വശങ്ങളിലൊതുക്കുവാൻ അദ്ദേഹത്തിന്ന് സാധിച്ചിരിക്കുന്നു. ഈ കാരണത്താൽ അദ്ദേഹത്തിന്റെ ഇതരകൃതികളിൽ കാണപ്പെടുന്ന വിധത്തിലുള്ള അതിദീർഘവർണ്ണനകളും അനാവശ്യസംഭാഷണങ്ങളും ഈ പുസ്തകത്തിൽ തീരെ ഇല്ലെന്നതന്നെ പറയാം. തീച്ചയായും മി: പിള്ളയുടെ ഈ പരിശ്രമം കൈരളിക്ക് ഒരനുഗ്രഹം തന്നെയാണ്."

—മലയാളമുട്ടം.

".....ചാണയ്ക്കുവെച്ച് ചുരുക്കുന്നേടത്തോളമാണ് രത്നങ്ങളുടെ കാന്തിയും വിലയും വർദ്ധിക്കുക എന്ന തത്ത്വം സാഹിത്യസൃഷ്ടികൾക്കും ഏറക്കുറെ ബാധകമാണെന്നു മി: കെ. കെ. മാത്താണ്ഡംപിള്ളയുടെ മുന്നൂറോളം വശങ്ങൾ മാത്രം അടങ്ങിയ ഈ സരസസാമുദായികാഖ്യായിക തെളിയിക്കുന്നുണ്ട്. ലീലയുടെ കാമുകനായ നായകൻ അവളുടെ അനുരാഗത്തെ എതുമാത്രം അർഹിക്കുന്നുണ്ടെന്നുള്ളതിനെക്കുറിച്ച്, ഒരുപക്ഷെ, ചിലർക്ക് അഭിപ്രായവ്യത്യാസമുണ്ടായേക്കുവാൻ ഇടയുണ്ടെങ്കിലും, നായികയായ ലീല ആരുടേയും ഹൃദയം കവരുന്ന ഒരു മനോമോഹിനിയാണെന്നുള്ളതിനെക്കുറിച്ച് ഭിന്നാഭിപ്രായമുണ്ടാവാൻ തരമില്ലതന്നെ. തന്റെ ഉത്കൃഷ്ടമായ സമുദായപരിഷ്കരണോദ്യമത്തിൽ ഞങ്ങൾ മി: പിള്ളയ്ക്ക് സർവവിധവിജയങ്ങളും ആശംസിച്ചുകൊള്ളുന്നു."

—കേരളകാഹളം.

".....സാമുദായികനാചാരങ്ങളുടെ നിരർത്ഥകതയേയും, ക്രൌര്യത്തേയും ഇതു പ്രസ്പഷ്ടമായി വിശദീകരിക്കുന്ന വേറൊരാഖ്യായിക അടുത്ത കാലത്തൊന്നും എഴുതപ്പെട്ടിട്ടില്ലെന്നു തീച്ചയായും ധൈർഘ്യം ചൂണ്ടുന്നതുകൊണ്ട് മി: പിള്ളയുടെ നോവലുകൾക്ക് ആസ്വാദ്യത അധികമാവുകയേ ചെയ്യുകയുള്ളുവെന്ന് ഞങ്ങൾ മുമ്പൊരു തവണ ഈ പങ്ക്തികളിൽ പറഞ്ഞ അഭിപ്രായത്തിന്ന് 'ലീലയുടെ കാമുകൻ' ഒരുത്തമദൃഷ്ടാന്തമാണെന്ന് ഇവിടെ സസന്തോഷം രേഖപ്പെടുത്തേണ്ടിയിരിക്കുന്നു....."

—സാഹിത്യകൗമുദീരവം.

"വായനക്കാരെ മുഷിപ്പിക്കുന്ന രീതിയിൽ വലിച്ചു നീട്ടി എഴുതുവാൻ മാത്രമല്ല, സുദീർഘമായ ഒരു ചരിത്രത്തെ പരിമിതപരിധിയിൽ രസവിച്ഛിത്തികൂടാതെ ഒതുക്കുവാനും തനിക്കു സാധിക്കുമെന്ന് നിരൂപണവിഷയമായ 'ലീലയുടെ കാമുകൻ' എന്ന നോവലിൽ തൽകർത്താവായ മി: കെ. കെ. മാത്താണ്ഡംപിള്ള തെളിയിച്ചിരിക്കുന്നു. നായികയായ ലീലയുടെ ചില വാക്കുകളേയും പ്രവൃത്തികളേയും കുറിച്ച് ഭേദംചെയ്യുന്ന യാഥാസ്ഥിതികന്മാർ കേരളത്തിൽ വളരേപ്പേരുണ്ടാകുമെന്നു ഞങ്ങൾക്കറിയാം. പക്ഷെ അവരും നിർമ്മലവും, മനോഹരവുമായ ഒരു കലാസൃഷ്ടിയാണെന്ന് എത്ര കരപിടിച്ച യഥാസ്ഥിതികനും സമ്മതിക്കുമെന്നുള്ളതിനെപ്പറ്റി ഞങ്ങൾക്ക് ശങ്കാലേശമില്ല....."

—ഭാഷാചന്ദ്രിക.

"രസകരമായ ഒരു കഥാകഥനത്തിൽനിന്ന് വൃഥാസ്ഥൂലവർണ്ണനകളും അപ്രസ്തുതസംഭാഷണങ്ങളും വെട്ടിച്ചുരുക്കിയാൽ അതിന്റെ യോഗ്യത എത്രമേൽ വർദ്ധിക്കുമെന്നു സുപ്രസിദ്ധനോവലെഴുത്തുകാരനായ മി: കെ. കെ. മാത്താണ്ഡംപിള്ള 'ലീലയുടെ കാമുക'നിൽ സുവ്യക്തമാക്കീട്ടുണ്ട്.

'ഈടാന്നുവായ്ക്കുമനുരാഗനിധിയ്ക്കു വിഘ്നം
കൂടാതൊഴുക്കനുവദിക്കുകയില്ല ദൈവം'

എന്ന മഹാകവിവാക്യത്തിന്റെ ഒരു വിപുലവ്യാഖ്യാനമാണ് ഈ പുസ്തകമെന്നു പറയാം. മലയാളികൾക്ക് സുപരിചിതമായിക്കഴിഞ്ഞിട്ടുള്ള മി: പിള്ളയുടെ പ്രൌഢഗംഭീരമെങ്കിലും ഋജുവും ഉൗർജസ്വലവുമായ ശൈലിയിലാണ് ഇത് ആദ്യന്തം എഴുതപ്പെട്ടിട്ടുള്ളത്."

—സത്യദീപം

"മി: കെ. കെ. മാത്താണ്ഡംപിള്ളയുടെ സാമുദായികാഖ്യായികകളുടെ ഇടയിൽ അത്യുന്നതമായ ഒരു സ്ഥാനത്തെ 'ലീലയുടെ കാമുകൻ' അർഹിക്കുന്നുണ്ടെന്നു നിസ്സന്ദേഹം പറയാം. ഈ പുസ്തകത്തിന്ന് മി: പിള്ളയുടെ മറ്റു നോവലുകളുടെ ഏതാണ്ട് മൂന്നിലൊന്ന് വലിപ്പമേ ഉള്ളുവെങ്കിൽക്കൂടി, കഥാരംഭത്തിൽ കാണുന്ന പുരാതനഭാരതീയചരിത്രാംശം കഥയുമായി വലിയ സംബന്ധമില്ലാത്തതും, അരുമുഷിപ്പുണ്ടാക്കുന്നതുമായിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ആദ്യത്തെ പത്തു പെയ്ജുകൾക്കപ്പുറം കടക്കുവാൻ സാധാരണ നോവൽവായനക്കാർ വിഷമിക്കുകതന്നെ ചെയ്യും. പക്ഷെ അതു കഴിഞ്ഞാൽ, ഒടുക്കംവരെ കഥാഗതി അപ്രതിഹതമാണ്. 'ഭാരതി' 'ശാന്ത' മുതലായ മി: പിള്ളയുടെ ഇതരനായികമാരെപ്പോലെ, 'ലീല'യും നിഷ്കളങ്കതയും, പ്രസരിപ്പും, വിവേകവും നിറഞ്ഞ സ്വഭാവത്തോടുകൂടിയ ഒരു പെൺകിടാവാണ്. കഥയുമായി പെട്ടെന്ന് ഘടിക്കാത്ത ചരിത്രസംബന്ധമായ ദീർഘമുഖവുരകം എഴുതുന്ന സമ്പ്രദായം, ചരിത്രാഖ്യായികകളിലല്ലാതെ സാമുദായികനോവലുകളിൽ ആശാസ്യമല്ലെന്നു മി: പിള്ളയെ ഞങ്ങൾ സസ്നേഹം ഉപദേശിക്കുന്നു....."


—നവകേരളം.

"തൃശ്ശൂരിലെ ഇലക്ടിക് പവർ ഹൌസ് ഉദ്ഘാടനം ചെയ്തത് കൊച്ചി ദിവാൻജിയല്ല, സർ. ഷൺമുഖമാണ്," എന്ന് കൊച്ചി നിയമസഭയിൽ വെച്ച് ഒരു മെമ്പറുടെ ആക്ഷേപത്തിന്ന് മറുപടി കിട്ടിയിരിക്കുന്നു.

ഈ സമാധാനം ദിവാനുവേണ്ടി സർ. ഷൺമുഖം പറഞ്ഞതോ, അല്ല, സർ. ഷൺമുഖത്തിനുവേണ്ടി ദിവാൻ പറഞ്ഞതോ എന്നാണ് ഞങ്ങൾക്ക് വെളിവാകാതെയിരിക്കുന്നത്.



മരുന്നറയിലെ പന്തം വീശൽ.



വിചാരകോരകം.

കലക്ക് സാന്മാർഗീകമായ ഒരുദ്ദേശ്യമുണ്ടോ? കലയുടെ അവിഭാജ്യഘടകമായ ആനന്ദത്തെ അതിന്റെ ഉദ്ദേശ്യമായി ഗണിയ്ക്കുവാൻ പാടുണ്ടോ? 'കലയുടെ ഉദ്ദേശ്യ'മെന്നതിന്ന് കലാകാരന്റെ ഉദ്ദേശ്യമെന്ന് അർത്ഥം വിവക്ഷിയ്ക്കാമോ? ഇത്യാദി കലാപരമായ ഏതാനും പ്രധാനപ്രശ്നങ്ങൾക്ക്, സ്വതന്ത്രചിന്താസരണിയിലൂടെ, സഹൃദയസമ്മതങ്ങളായ ഉത്തരങ്ങൾ കണ്ടുപിടിക്കുവാനാണ് "വിചാരകോരക"ത്തിൽ [കണ്ണൂർ പ്രസിദ്ധീകരണശാല, കണ്ണൂർ; വില 10ണ.] ആദ്യമായി ചേർത്തിരിക്കുന്ന "കലയും സന്മാർഗ്ഗവും" എന്ന ഉപന്യാസത്തിൽ ശ്രീ. സി. എച്ച്. കുഞ്ഞപ്പ ശ്രമിക്കുന്നത്. സംസ്കൃതം, മലയാളം, ഇംഗ്ലീഷ് എന്നീ മൂന്നു സാഹിത്യങ്ങളെയും മേപ്പടി അന്വേഷണത്തിൽ സഹായിക്കുവാൻ അദ്ദേഹം തുണയായി കൂട്ടീട്ടുമുണ്ട്. ഇക്കാര്യത്തിൽ ശ്രീ: കുഞ്ഞപ്പയുടെ ശ്രമം അഭിനന്ദനീയമായ വിധത്തിൽ ഫലവത്തായിട്ടുണ്ടെന്നു തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. "സാഹിത്യത്തിലെ പ്രചാരവേല" എന്ന ഉപന്യാസത്തിലടങ്ങിയ പല സിദ്ധാന്തങ്ങളെയും ഒരു പ്രത്യേകവീക്ഷണഗതിയെ അവലംബിച്ച് സാധൂകരിയ്ക്കാവുന്നതാണ്. പക്ഷെ, ഒരിടത്ത്, "ഇതുവരെയുണ്ടായ സാഹിത്യങ്ങളിൽ നന്മയും സൌന്ദര്യവും വിളങ്ങിയിരുന്നതു പണക്കാരന്റെ വീർത്ത വയറിലും, അയാളുടെ തടിച്ച പത്നിയുടെ നേരിയ കണ്ണുകളെക്കൊണ്ടുള്ള കളികളിലും ആയിരുന്നു" (വശം 56.) എന്നു ശ്രീ: കുഞ്ഞപ്പ പറയുന്നു അല്ല; ഭഗവാനാണെ, അല്ല!

"പാലുകുടിച്ചു തടിച്ചൊരുകുട്ടം
വാലില്ലാത്ത കുരങ്ങച്ചന്മാർ!"

എന്നും മറ്റുമാണ് പഴയ കവികൾ മേപ്പടി വീർത്ത വയറുകാരെപ്പറ്റി പറഞ്ഞത്. നമ്മുടെ 'തുപ്പൽക്കോഴിദേവി'ന്റെ പ്രലപനങ്ങളെ അനുസ്മരിപ്പിക്കുന്ന ഈയൊരു അവാസ്തവദോഷാരോപണത്തിന്ന് എന്തിന്ന് ഒരു യഥാർത്ഥസ്വതന്ത്രചിന്തകനായ ശ്രീ: കുഞ്ഞപ്പ തന്റെ പുസ്തകത്തിൽ സ്ഥാനമനുവദിച്ചു? അതു നന്നായില്ല, ശ്രീ: സി. എച്ച്! പക്ഷെ ഈ സാഹസത്തിന്ന്, അതേ ഉപന്യാസത്തിൽത്തന്നെ, ഒരു പരിഹാരവും കാണുന്നുണ്ട്. അതു ഇന്നത്തെ സാഹിത്യത്തിൽ, കഴുങ്ങിൻതോട്ടത്തിൽ മാഹാളിയെന്നപോലെ, കടന്നുകൂടിയിരിക്കുന്ന വിഷദാത്മകതത്തെ അതിന്റെ വരവിൽത്തന്നെ ഉച്ചാടനം ചെയ്യാനുള്ള ശ്രീ: കുഞ്ഞപ്പയുടെ അഭ്യർത്ഥനമാണ്. കൈരളിയെ ഭാവിയിൽ ബാധിക്കുവാനിടയുള്ള ഈ പ്ലേഗിന്റെ ഭയങ്കരതയെ, ഞങ്ങളുടെ ഓർമ്മയിൽ പെട്ടെടത്തോളം, അക്കാലത്ത്——മൂന്നുകൊല്ലം മുമ്പാണ് ഈ ഉപന്യാസം എഴുതപ്പെട്ടത്——മറ്റാരും കണ്ടറിയുകയോ പ്രഖ്യാപനം ചെയ്കയോ ചെയ്തിട്ടില്ല. "എനിക്ക് ഏറ്റവും അഭിമതനായ കവി" എന്ന ഉപന്യാസം മഹാകവി വള്ളത്തോളിന്റെ കാവ്യമാധുരിയുടെ എറ്റവും ഹൃദയാവർജകമായ ഒരാസ്വാദനമാണ്. ദേശീയാഭിവൃദ്ധിയിൽ ദേശഭാഷയ്ക്കുള്ള, സർവോപരി പ്രധാനമായ, സ്ഥാനത്തെക്കുറിച്ചു ശങ്കിയ്ക്കുന്ന വല്ല വി

സ്റ്റികളും കേരളത്തിൽ ഇപ്പോഴും ബാക്കിയുണ്ടെങ്കിൽ, അവരുടെ കഥ ശ്രീ: സി. എച്ച്. "വിചാരകോരക"ത്തിലെ ഒടുക്കത്തെ ഉപന്യാസം കൊണ്ടു കഴിച്ചിരിക്കുന്നു. "മറവുള്ള ഉപന്യാസങ്ങളെവിടെ?" എന്നാണ് ഞങ്ങളും പ്രസിദ്ധകന്മാരോടും ഗ്രന്ഥകർത്താവോടും ചോദിക്കുന്നത്.

ഇളം തളിരുകൾ.

സുപ്രസിദ്ധഭാഷാകവിയായ ശ്രീ: കുട്ടമത്ത് കുന്നിയൂർ കുഞ്ഞിക്കൃഷ്ണക്കുറുപ്പ് ചെറിയ കുട്ടികളുടെ ഉപയോഗത്തെ ഉദ്ദേശിച്ചെഴുതീട്ടുള്ള ഒരു ലഘുകൃതിയിൽ, അമ്മ ബാലകനെ "ഹരിഃ ഹരിഃ" പഠിപ്പിക്കുന്നത് മുതൽ, അവരുടെ പരിചയപരിധിയിൽ പെട്ടവയും, അവക്ക് പ്രത്യേകം പ്രതിപത്തിയുള്ളവയുമായ പല വിഷയങ്ങളെയും, മിതമായും, ലളിതമധുരമായും വർണ്ണിച്ചു കാണുന്നുണ്ട്. "പ്രകൃതിസ്സ്നാ"ത്തിന്റെ മുഴുവൻ വൈശിഷ്ട്യവും, "രത്നമാല"യുടെ ശരിയായ വിലയും മുതിർന്നവർക്കുകൂടി എളുപ്പത്തിൽ അറിയാൻ കഴിയാത്തതിലൊ, ഇറവെള്ളം കടക്കുന്ന "രണ്ടറ്റുകളെ" വീക്ഷിക്കുമ്പോൾ പരിണതപ്രജ്ഞനായ കവി പരിമിതപരിസരത്തിൽ ഒതുങ്ങിനില്ക്കാത്തതിലൊ, ഞങ്ങൾക്ക് യാതൊരാക്ഷേപവും ഇല്ലെന്നു മാത്രമല്ല, അതെല്ലാം ഒരു കൃതിയുടെ എണ്ണപ്പെടേണ്ട ചില ഗുണങ്ങളാണെന്നുകൂടി ഞങ്ങൾക്കഭിപ്രായമുണ്ട്. കുട്ടികൾക്ക് പലഹാരം വാങ്ങിക്കൊടുക്കുമ്പോൾ, മാതാപിതാക്കൾക്ക് സ്വാദുനോക്കാനുള്ള വകയെങ്കിലും അതിൽ ഉൾപ്പെടുത്തുന്നതാണല്ലോ വകതിരിവ്. "അനഘലക്കരം"പോലെയുള്ള അല്പം ചില അസുഖപ്രയോഗങ്ങളും "പാളത്തൊപ്പിയും ചളിപുരണ്ട മുണ്ടും" എന്ന മട്ടിലുള്ള ഏതാനും ക്ലിഷ്ടതകളും ഒഴിച്ച് ഇതിലെ ഭാഷയും രചനയും ശ്രീ: കുട്ടമത്തിന്ന് നിർദ്ദോഷങ്ങളാക്കാമായിരുന്നു. "കൈരളീദേവിയുടെ സാഹിത്യാരാമത്തിലെ ഒരു ചൂതവൃക്ഷ"മാണ് താനെന്നു ഗ്രന്ഥകാരൻ അവതാരികയിൽത്തന്നെ സമ്മതിച്ചിട്ടുള്ളതുകൊണ്ട്, അസ്മാദൃശന്മാക്ക് അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ "മാകന്ദമഞ്ജരി"യെയും മറ്റും തെളിവിന്നായി ഹാജരാക്കാതെ കഴിഞ്ഞു. പ്രസ്തുത തേന്മാവിന്ന് "വളച്ചു ഒരുവിധമുണ്ടെങ്കിലും ഉയച്ചു കുറയ്"മെന്നുള്ള ഒരു സംഗതിയല്ലെ പിന്നെയുള്ളത്? അത് സാരമില്ല; ഒട്ടുമാവുകളേയും, കുട്ടികളേയും മനുഷ്യൻ വിസ്മരിക്കുന്ന കാലത്തിന്നു മുമ്പായി കുട്ടമത്തമ്മാൻ അക്കായ്ത്തിൽ വിഷാദിക്കേണ്ടതില്ല.

സാഹിതീവിലാസം.

മൂന്നാം ഭാഗം.

കെ. സി. കുട്ടപ്പനമ്പ്യാർ എന്നുള്ള നാമധേയം കേൾക്കുന്നതോടുകൂടെത്തന്നെ ചേതോഹരങ്ങളായ "സാഹിതീവിലാസം" ഒന്നും രണ്ടും ഭാഗങ്ങളെ സഹൃദയന്മാർ അനുസ്മരിച്ചു കഴിയും ഭാഷാപ്രണയികളുടെ പ്രതീക്ഷയെ അസുഖകരമായ വിധത്തിൽ താമസം വരിച്ച് പേർ പരത്തുന്ന പുതിയ പരിഷ്കാരം ഭാഗ്യവശാൽ മി. നമ്പ്യാരെ ബാധിച്ചിട്ടില്ല. ഒരു മൂന്നാംഭാഗവും അതിന്റെ പൂർവഗാമികളെപ്പോലെ ഹൃദയാവർജ്ജകമായിട്ടുണ്ട്. വിവിധവിഷയങ്ങളെക്കുറിച്ച് എഴുതീട്ടുള്ള എട്ടു ഖണ്ഡകവനങ്ങളാണ് ഒരു സമാഹാരത്തിലുള്ളത്. അകൃത്രിമലാവണ്യം വഴിഞ്ഞൊഴുകുന്ന "തെ പെൺകിടാവി"ന്റെ ചിത്രംകൊണ്ട് തൃപ്തിപ്പെടാത്തവരെ, വിവിധാലങ്കാരഭൂഷിതയായി, മഹർഷി ശ്രേഷ്ഠന്റെ തപോഭംഗത്തിന്നു പുറപ്പെട്ടന്ന പ്രൌഢയായ "ഹരിണി"അപ്സരസ്ത്രീ കാത്തുനില്ക്കുന്നു. "വിധവയുടെ വിലാപം" മനസ്സിൽ തട്ടാത്ത വേദാന്തികൾക്ക് "ഭക്തമാഹാ"ത്മ്യം പാടി ആനന്ദാശ്രു തുകുവാൻ കവിമണി സന്ദർഭം കൊടുത്തിട്ടുണ്ട്. കാവ്യഗുണസമ്പന്നങ്ങളായ ഇത്തരം ലഘുകൃതികളെയാണ് നവോത്ഥായികളായ യുവകവികൾ മാതൃകകളാക്കേണ്ടതും സാഹിത്യവിദ്യാർത്ഥികൾ മനഃപാഠമാക്കേണ്ടതും.

"സഞ്ജയൻ."

വരിസംഖ്യ. ഒരു കൊല്ലത്തേക്ക്. ആറു മാസത്തേക്ക്.

ഇന്ത്യയിൽ:— **3**-ക. **1**-ക **8**-ണ.

ഇന്ത്യക്കുപുറമെ:- **4**-ക. **8**-ണ. **2**-ക **4**ണ.

വരിസംഖ്യ എപ്പോഴും മുൻകൂറായി അടക്കേണ്ടതാണ്. **6** മാസത്തിൽ കുറഞ്ഞ കാലത്തേക്ക് വരിക്കാരെ രജിസ്റ്റർ ചെയ്യുന്നതല്ല. ഏജൻസി സംബന്ധമായ വിവരങ്ങൾക്ക് താഴെ ചേർക്കുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക:—

മാനേജർ,
"സഞ്ജയൻ"
പുതിയറ (P. O.)
Malabar.

Regd. No. M. 3497.

ഏതു നിറം വേണം?

ലേബലുകൾ, കടലാസ്സു പെട്ടികൾ മുതലായവ നിങ്ങൾക്ക് ഏതെല്ലാം നിറങ്ങളിൽ വേണം? ഏതു നിറങ്ങളിൽ, എങ്ങിനെ വേണമെങ്കിലും ഞങ്ങൾ വരുത്തിയിരിക്കുന്ന പുതിയ മെഷീൻ അക്കായ്യം നിർവഹിക്കും. മിതമായ ചാർജ്. ഒരു തവണ പരീക്ഷിക്കുവാൻ മാത്രമാണ് അപേക്ഷ.

നോർമ്മൻ പ്രിൻടിങ്ങ് ബ്യൂറോ,

കോട്ട് റോഡ്, കോഴിക്കോട്.

Printed by K. V. Achyuthan Nayar at the Norman Printing Bureau, Calicut,
and published by P. V. Kunhi Raman Nayar.
General Editor:—M. Ramunni Nayar, M.A. (Hons)